F3 ASRAMAPRAVESAM MAHAN NAMBUDIRI

O32:1M68:11 F3

O32:1M68:11
F3

032:1M68:11 F3
AHAN NAMBUDRI
).
a pravesam.
4.

MUL
050814

RATHNAM PRESS
BINDERS
BADRIAN STREET
MADRAS.

DOCTRINA·VIM·PROMOVET INSITAM

**Madras University Library.**

Call Number 032:1M68:11 F3

Accession Number 50814

Available for loan from

This book should be returned on or before
the date last marked below.

30 NOV 1949

A-Sramapravesam

# ആശ്രമപ്രവേശം.

ഗ്രന്ഥകർത്താ:

നടുവത്ത് മഹൻനമ്പൂതിരി.

N. Maha...

UNIVERSITY LIBRARY 23 MAR. 49 MADRAS

1098

പകൎപ്പവകാശം ഗ്രന്ഥകൎത്താവിന്.

PRINTED AT
THE MANGALODAYAM PRESS,
TRICHUR.

PRICE 4 AS.] [വില 4 ണ.

50814
032 :1M68:11
F3

UNIVERSITY LIBRARY 23 MAR. 19 . 9 MADRAS

# മുഖവുര.

നടുവത്തു മഹൻ നമ്പൂതിരി അവർകളുടെ കൃതിയുടെ മുമ്പിൽ മുഖവുരയായി രണ്ടു വാക്കു കുറിക്കാനിടയാകുന്നത് എനിക്കൊരു ചാരിതാൎത്ഥ്യം തന്നേയാണ്. പദ്യസാഹിത്യത്തിൻെറ പരിപോഷണവിഷയത്തിൽ പലവിധത്തിലും സഹായിച്ചിട്ടുള്ള അടുത്ത കാലത്തെ പഴയ നമ്പൂതിരിക്കവികളിൽ ഇദ്ദേഹത്തിന്നുള്ള സ്ഥാനം, ഒന്നുകൂടി പുതുക്കുകയാണ് ഇന്നും 'മഹൻനമ്പൂതിരി'യായ ഇദ്ദേഹം ഈ കൃതികൊണ്ടു ചെയ്യുന്നത്. സാഹിത്യലോകത്തിൽ ലബ്ധപ്രതിഷ്ഠനായ ഇദ്ദേഹത്തിൻെറ കവിതാഗുണത്തെപ്പററി യാതൊരു കാൎയ്യവും ശബ്ദിക്കേണ്ടുന്ന ഭാരം എനിക്കുണ്ടാവാനവകാശമില്ല. ഗംഭീരമായ പദ്യങ്ങൾ എഴുതാൻവശമായിരിക്കേ, ഇദ്ദേഹം ഇങ്ങിനെയൊരു മൌനമുദ്രയെ അനുഷ്ഠിക്കുന്നുവല്ലോ! എന്നൊരു സങ്കടം ഈ 'ആശ്രമപ്രവേശ'പാരായണത്താൽ തീൎച്ചയായും വായനക്കാൎക്കുണ്ടായേക്കും. അതിന്ന് ഉപശാന്തി വരുത്തുവാൻ ഗ്രന്ഥകൎത്താവ് മേലിലും തുനിയുമെങ്കിൽ അതു ഭാഷയുടേയും, സാഹിത്യരസികന്മാരുടേയും ഭാഗ്യമായിക്കരുതാം.

ഈ പുസ്തകം നല്ലവണ്ണം ശ്രദ്ധിച്ച്, അൎത്ഥഗ്രഹണത്തോടുകൂടി വായിക്കുന്നതായാൽ ആൎക്കും ആശ്രമപ്രവേശത്തിന്നൊരുങ്ങാൻ സാധിക്കുന്നതാണ്. യാതൊരു

മേൽകീഴ വിചാരവുമില്ലാതെ, മായാവിമോഹിതരായി, സവ്വ വസ്തുക്കളേയും കാമിച്ച്, 'അങ്ങിനെ' കഴിഞ്ഞുകൂടുന്നവരെ പെട്ടെന്നു പിടിച്ചു നിത്തുവാൻ തക്ക ചില ശക്തികൾ ഇതിലെ പല വരികൾക്കുമുണ്ടെന്നു തീച്ചയാണ്. ഈയിടെ മഹാത്മാഗാന്ധി ജയിലിലേക്കു പ്രവേശിക്കുമ്പോൾ, 'സാക്ഷിണി'യായ 'സധമ്മിണി'യോട്, 'കൈകൾ വക്ഷസ്സിൽവെച്ചരുളി'യ ജ്ഞാനോപദേശമായിട്ടാണ് ഈ കൃതിയെ കവി സങ്കല്പിച്ചിരിക്കുന്നത്. ആകെ 215 ശ്ലോകമുള്ളതിൽ, 135-ം മഹാത്മജിയുടെ ഉപദേശമായിട്ടാണ്. ബാക്കിയുള്ള ഭാഗംകൊണ്ട്, ഉപദേശങ്ങളെ കേട്ടതായും, അത്ഥം മനസ്സിലായതായുമുള്ള മട്ടിൽ അദ്ദേഹത്തിൻെറ സധമ്മിണിയുടെ സമാധാനങ്ങളുമാണ്. ഈ സമാധാനം കൂടി വായിച്ചു തീരുമ്പോഴാണ് വായനക്കാക്ക് ആദ്യഭാഗത്തിലെ ഗൂഢാത്ഥങ്ങൾ വ്യക്തമായി മനസ്സിലാവുന്നത്. ലോകസ്വഭാവത്തേയും, സംസാരബന്ധത്തേയും, അതിൽനിന്നു മുക്തിനേടുവാനുള്ളവഴികളേയും കാണിക്കുന്നതിനുദാഹരണമായിചെറിയകഥകൾപറയുന്നമട്ടും "ചേതസ്സമാകഷകം" തന്നേയായിരിക്കുന്നു. പഞ്ജരത്തിൽ തത്തിക്കളിച്ചിരുന്ന ചെറുകുട്ടികളേ, വലവീശി വേടൻ കൈക്കലാക്കുകയാൽ, താനേ വലയിൽ വീണു പ്രാണത്യാഗംചെയ്ത രണ്ടു പ്രാവുകളുടെ കഥഃയയും, പുരാണപ്രസിദ്ധമായ വിംഗഃളോപാഖ്യാനത്തേയും മററും വിവരിച്ചിരിക്കുന്നതു വളരെ ഉചിതമായ രീതിയിലാകുന്നു.

"ഒന്നിൽ—കണക്കിലധികം—പ്രിയമുള്ളവൎക്കു
കുന്നിക്കുമില്ലസുഖം * * * * "

എന്നു തുടങ്ങിയുള്ള തത്വങ്ങളെ ബഹു ലളിതമായിട്ടാണ് വിവരിച്ചിരിക്കുന്നത്.

'ആടിക്കുഴഞ്ഞു പല ഭൂഷണങ്ങളും ധരിച്ചു
മോടിപ്പകിട്ടുടയ പട്ടുടയാട ചാൎത്തി,
വീടിച്ചുവപ്പു ചൊടിയിൽ ചൊടികൂട്ടി നല്ല
ധാടിക്കു മത്തഗജഗാമിനി വന്നിടുന്നു'

ഈ മട്ടിൽ സ്ത്രീകളുടെ മോടിപ്പകിട്ടിനെയും മററും കാണിക്കുന്ന ഭാഗം വിചിത്രമായിട്ടുണ്ടെന്നു ആരും സമ്മതിക്കും. പിംഗളോപാഖ്യാനത്തിൽ:—

വൻചേലിളംതളിർതൊഴുംതനു, കോകിലച്ചൊ-
ല്ലഞ്ചുന്നതായമൊഴി, തേഞ്ചൊടി, ദിവ്യഗന്ധം,
നെഞ്ചേതവൎക്കുമലിയും; തരുണാവലിക്കു
പഞ്ചേന്ദ്രിയങ്ങളരിയായവളുല്ലസിച്ചു.

പിട്ടിൽപ്പുലൎന്നപുതുപുഞ്ചിരിയും, കഴുത്തു-
വെട്ടിക്കലും, തലചെരിഞ്ഞുകുനിഞ്ഞുനില്പും;
തട്ടിപ്പുകൂടിയ കടാക്ഷമിടക്കിടക്കു
തട്ടിക്കൊടുക്കുമടവും, കിടയററമെയ്യും.

മുട്ടിൽക്കവിഞ്ഞ കരിവാൎകുഴലും, വിശേഷ-
മട്ടിൽ ചമഞ്ഞൊരഴകും, ചൊടിയും, വെടിപ്പും,
പട്ടിട്ടുമൂടിയ കുചങ്ങളു, മാന്തങ്ക-
ക്കുട്ടിക്കുരംഗമിഴി മാരനെയുംമയക്കും.

എന്നു കവി പറഞ്ഞിട്ടുള്ളത്, ഈ പിംഗളയുടെ ചിത്രം നോക്കിക്കാണ്മാൻ ശക്തിയുള്ള സഹൃദയന്മാരൊ

ക്കെ സമ്മതിക്കും. പക്ഷേ, ഈ 'അഴകുചമഞ്ഞ 'പിംഗള തന്നെ കാമുകന്മാരുടെ അനാഗമത്താൽ ഒരുദിവസം—

രാവിത്രയൊക്കെ വിഷമിച്ചു നടന്നുഴന്നു
വാവിട്ടലച്ചു, നെറികെട്ടു, ദുരാശവിട്ടു;
'ഈവിഡ്ഢിവേഷമിനിവേണ്ട മുഷിഞ്ഞു'വെന്നാ-
യാ, വിശ്വമോഹിനി! വിളിച്ചുപറഞ്ഞുറച്ചു.

'കൈവല്യമേ ഗതി'യെനിക്കിനി യിപ്രപഞ്ച
സേവയ്ക്കു വാച്ച കൊതി തീൎന്നു, വെറുത്തു സൎവ്വം;
ദൈവത്തെയിങ്ങിനെ നിനച്ചവൾ പ്രമത്ത-
ഭാവം കലൎന്നു; ഭവഭാണ്ഡമെടുത്തെറിഞ്ഞു'

എന്നു പറഞ്ഞിട്ടുള്ളതും എത്ര ധീരതയോടെയാണ്. ഈ ഉപാഖ്യാനത്തിലെ ഏതു ഭാഗവും ഇതുപോലെതന്നെ കഴമ്പേറിയതാകുന്നു. പ്രപഞ്ചത്തിൻ്റെ സൃഷ്ടിസ്ഥിതിസംഹാരത്തെപ്പറ്റിയും മറ്റും വൎണ്ണിച്ച ഒരു ഭാഗം നോക്കാം:—

'കൂട്ടിപ്പിരിച്ച പടിൽ, ക്രിയയെന്ന ശക്തി
കെട്ടിജ്ജഗത്തുകൾ പിണച്ചൊരു മാലയാക്കും;
പാട്ടിൽ ധരിച്ചു കളിയാടിയിരുന്നൊടുക്കം
വാട്ടിക്കടഞ്ഞ തടവിലപ്പടി യുള്ളിലാക്കും.

നൂലുള്ളിൽനിന്നുടനയത്തിവലത്തിനല്ല
ചേലുള്ള വട്ടവല ചുറ്റ് നടന്നു കെട്ടി,
പാലി, ച്ചുഴി, ച്ചുരുകളുള്ളിലൊതുക്കുമെട്ടു-
കാലിക്കളിക്ക ശരിയിക്കളികാണണംനാം.'

ഇങ്ങിനെ ഒട്ടേറെ തത്വങ്ങൾ തൻ്റെ സധൎമ്മിണിക്കുപദേശിച്ചപ്പോൾ സമാധാനം പറഞ്ഞു തുടങ്ങുന്നതാണ് ഈ പദ്യം:

LIBRA
23 MAR. 19 9
MADRAS

‘മറയിലിയലുമൎത്ഥത്തിൻെറ സാരങ്ങളോരോ-
ന്നറിവിനരുളിയെല്ലാം കേട്ടു ഞാൻ ശിഷ്ടമൌലേ!
കുറിക,ളിവിടെയൂന്നി ന്നോളമ ട്ടാവിധത്തിൽ
ചെറിയകഥകൾ ബോധത്തിന്നു സൌകൎയ്യമേകി.

* * * * *

വിഷയതതിയിലാടി, ക്കുത്തടിച്ചിന്ദ്രിയൌഘം
വിഷമനിലയിലായിഗ്ഗോഷ്ടികാട്ടുന്ന ഭാഗം,
ധിഷണയിലൊരുലേശം തട്ടിവായിച്ചുവെന്നാൽ
വിഷയിക‘ളിളിയാത്തോരാ’രുമുണ്ടാകയില്ല.

* * * * *

കുലടകളണിമുത്താം പിംഗളക്കുള്ള കാമാ-
കുലതയുടെ കലാശം ചൊല്ലിയിട്ടുള്ള ഭാഗം,
കുലവനിതകളെന്നല്ലേതു പെണ്ണുങ്ങളും ക-
ണ്ടലമിഹ! തലതാഴ്ത്തും, ദന്തടപ്പൊക്കെനിത്തും’

എന്നു പറഞ്ഞിട്ടുള്ളതും പരമാൎത്ഥമാണ്. ഇങ്ങിനെ നോക്കിയാൽ ഈ ചെറുകൃതിയിലെ ഏതു ഭാഗവും പകൎത്തുവാൻ തക്ക ഗുണപൌഷ്കല്യത്തോടുകൂടിയതാണെന്നു പറയേണ്ടിയിരിക്കുന്നു. പ്രപഞ്ചതത്വത്തേയും, മനുഷ്യജന്മത്താൽ നാം സാധിക്കേണ്ടുന്ന കൃത്യങ്ങളേയും, മായയുടെ മെരട്ടുവിദ്യകളേയും പ്രൌഢമായ ഭാഷയിലും രീതിയിലും വൎണ്ണിച്ചിട്ടുള്ള ഈ സത്ഗ്രന്ഥം, ഇന്നത്തെ ഭാരതീയരുടെയെല്ലാം അനുഗ്രഹത്തിന്നു പാത്രമായിത്തീൎന്നിട്ടുള്ള രണ്ടു ഉത്തമപാത്രങ്ങളെക്കൊണ്ടാണ് ഉപദേശിപ്പിച്ചിട്ടുള്ളതും. എന്തുകൊണ്ടു നോക്കിയാ

ലും ഈ 'ആശ്രമപ്രവേശ'ത്തെ മഹാജനസമക്ഷം അവതരിപ്പിക്കുവാൻ എനിക്കു സിദ്ധിച്ച ഭാഗ്യത്തെ ഞാനൊന്നുകൂടി അഭിമാനപൂർവ്വം രേഖപ്പെടുത്തുക മാത്രമാണ് തല്ക്കാലം ചെയ്യുന്നത്.

യോഗക്ഷേമം ആപ്പീസ്സ്,
തൃശ്ശിവപേരൂർ.
15—12—98

വേന്ത്രക്കാട്ട്
ശങ്കരനാരായണൻ
നമ്പൂതിരി.

# ആശ്രമപ്രവേശം.

മൃതി, ജനി, സുഖ, ദുഃഖം; തൊട്ട വേഷങ്ങൾ നാലും
പ്രതിദിനമുലകത്തിൽ കൂത്തടിക്കും തിരക്കിൽ,
സ്ഥിതിവിഷമമിനിക്കാത്തിക്കു കൊള്ളാതെ പോരു-
ന്നതിനൊരുവഴി കാണ്മാൻ കണ്ണു കണ്ണൻ തരട്ടെ. 1

ശിക്ഷക്കു സാക്ഷിണി സധർമ്മിണി സാധു നല്ല-
ശിക്ഷക്കിരിപ്പവളിലൊത്ത വികാരഭേദം;
ദക്ഷൻ മഹാത്മജിയറിഞ്ഞവളോടു കൈകൾ
വക്ഷസ്സിൽവെച്ചരുളി ലോകസമക്ഷമേവം. 2

"സന്തോഷകാലമിഹ കാമിനി! കേൾ, മദാശ-
യിന്നേഴി കേൾക്ക വിജ്ഞോത്സവമാചരിക്കെ,
എന്തോ പകപ്പവളിൽ നിശ്ശരതാപമെന്ന
വന്തോക്കൊഴിക്കരുതഹിംസയിലാശ വെച്ചു. 3

എന്നോ നമുക്കു ജനനം പരമന്നുതന്നെ
യെന്നോക്ക മൃത്യുവിനു; മൊന്നുവിടാതെകൂട്ടും;
ഇന്നോ; അടുത്തദിനമോ, ശതവർഷശേഷ-
മെന്നോ വരാം; പെടുമയാളുടെ കയ്യിലാരും. 4

എന്നാംമൃതിക്കിരകളേബര; മന്നകർമ്മം
പിന്നാലെ കൂടുമൊരു ദേഹി പരംപതുങ്ങി,
ചെന്നാശ്രയിക്കുമപരം തനു; പൂർവ്വദേഹ-
മന്നാൾ വിടുന്നു; വിമലേ! പറയാം ധരിക്കു. 5

നിന്നും ഗമിച്ചു മിഥ കർമ്മവശത്തിലായി
വന്നുള്ള ദേഹികളലഞ്ഞു നടന്നിടുന്നു;
ഇന്നിത്തൃണത്തല പിടിച്ചു പിടിച്ചിഴഞ്ഞു
വന്നീടുമാറച്ചെറു ജളൂകകളെന്നപോലെ. 6

ഓർക്കുന്നതൊക്കെയിഹ കാണ്മതുമുള്ളിലോർത്തു
പാർക്കുന്നൊരാളതുകളങ്ങിനെ താൻ കിനാവിൽ,
പാർക്കുന്നൊരാനില മറന്നു ഹൃദന്തരത്തി-
ലോർക്കുന്നു 'തന്റെ കഥ' ചുററലിതിങ്കൽ നിന്നാം. 7

കായം നശിച്ചു കരൾ,കർമ്മബലത്തിലോടി
പ്പോയാശു ഭൂതമയമായൊരനിത്യദേഹം,
മായാകൃതം പരമണഞ്ഞിതു തന്റെയെന്ന
പേയാരയധാരണയുമാണ്ടൊരു ജന്തുവാകും. 8

ചുമ്മാതിരിക്ക; സലിലപ്രതിബിംബചന്ദ്ര-
നമ്മാതിരിക്കറിക കാററു കടന്നടിക്കെ,
തന്മായതീർത്തതനുവാർന്ന പുമാൻ മമതാ-
വന്മാരിയൊത്തവനനേകവിധം ഭ്രമിപ്പൂ. 9

ഇത്താപമോർത്തിടുകിലെങ്ങിനെ ദുഃഖമത്രേ!
ചിത്തത്തിലേതവനുമേതവനെക്കുറിച്ചും?
ഇത്തവ്വിലെന്നയിതുമാതിരിയോർക്ക; നിത്യം
ഹൃത്താപരക്കുതിതേനിലയെന്നുറച്ചു. 10

ഞാനേതുമിങ്ങിനെ പറഞ്ഞുതരേണമോ നീ
താനേ നിനക്കിലറിയാൻ കഴിയാത്തതുണ്ടോ?

ജ്ഞാനേച്ഛയുള്ളവനഹോ പ്രകൃതിപ്രഭാവം
താനേ പ്രശസ്ത ഗുരുവെന്നുലകിൽ പ്രസിദ്ധം! 11

കാണിക്കുമുള്ളമിളകാ കൃപവവിട്ടു നാം വ-
ക്കാണിക്കിലും സഹനശക്തി ധരിത്രിനിത്യം,
കാണിക്കു; മിക്ഷമ നമുക്കു പഠിപ്പൊരെണ്മാ-
കാണിക്കുമാരുമിളകാതെയിരുന്നിടേണം. 12

ശൈലങ്ങൾ മൂർദ്ധ്നിമുകിലിൻ ചുമടേന്തി നിന്നു
കാലത്തു സസ്യമയമാക്കുമിളാതലത്തെ;
വൈലത്തുഴന്നവരു നൽത്തണൽ ചേർപ്പു വൃക്ഷ-
ജാലങ്ങൾ! നോക്കുക പരാർത്ഥപരസ്വഭാവം. 13

ചെല്ലുന്നു വായു സകലത്തിലു; മൊന്നിലും താൻ
തെല്ലുംപെടില്ല; പകരില്ലൊരു ഗന്ധലേശം;
ചൊല്ലുള്ള യോഗികളിതേവഴിയാത്മബോധം
ചൊല്ലുന്നു; നാമനിലരീതി പഠിച്ചിടേണം. 14

ഉണ്ടുള്ളിലും; വെളിയിലും; സകലത്തിലും താൻ
പണ്ടുള്ളതാം; കുറകയില്ല വളർച്ചയില്ല;
കണ്ടും പറഞ്ഞുമറിയില്ല; വിയത്തിവണ്ണം
കണ്ടുള്ളിലോർക്ക പരമാം പരമാത്മതത്വം. 15

പോക്കുംമലം; വിമലമാം സ്വതവേ; മനസ്സി-
ലാക്കും പ്രിയം; മധുര; മുത്തമരീത്ഥമേവം,
വാഴ്ത്തും ജലത്തിനുടെ സൽഗ്ഗുണമോർത്തറിഞ്ഞു
ചേർക്കുരുന്നിനു മിതേന്നില വിദ്വരാരേ! 16

ചുമ്മാതിരിക്ക; മുയരും വിറകിട്ടുവെന്നാൽ;
തിന്മാൻ കൊടുത്തതു കഴിക്ക; മനേകമുണ്ണും;
സന്മാന്യനാണു; ദരഭാജനനാണു; യത്തു-
മന്മാനുഷക്കുടയ പാപവുമുണ്ടൊടുക്കം. 17

കാണും ചിലേട; മൊഴിയും ചിലദിക്കിലെത്ര-
താണുള്ളവക്കു മുപകാരി; യധൃഷ്യനാക്കും
കാണുന്നുവോ ദഹനരീതി? യിതേ നിലയ്ക്കു
വാണുള്ളൊരച്ചവരിലല്ലി സുഖം സുശീലേ? 18

കാണുന്നു സൂക്ഷ്മകരമേററു വളൎന്നു പൂൎണ്ണ-
നാണെന്നു; പിന്നെയതുവിട്ടു തളൎന്നൊടുക്കം,
കാണില്ല ചന്ദ്രനി,ഹ തന്റെ നടപ്പുഃഭേദ-
മാണീയവസ്ഥകൾ മൃഗാങ്കനു മാററമില്ല. 19

പാൎക്കേണമേവനു മിതേവഴി കേൾക്കുകാത്മാ-
വോൎക്കേണമേ സ്ഥിരമതിൽ ക്ഷയവൃദ്ധിയില്ല;
തീൎക്കേണമേതു വിഷയഭ്രമവും മനസ്സിൽ
ചേൎക്കേണമേവമൊരു നിശ്ചയമല്പബുദ്ധേ! 20

ഭൂലോക മൊററനിമിഷത്തിനകത്തമൎത്താ-
നാലോകനം മതിഹുതാശനനസ്തു പക്ഷെ;
ചേലോലുമാപ്രഭകളൊ ക്ഷണഭംഗുരങ്ങൾ
താലോലിയായ്കുലകിലെന്നുമനിത്യമൊക്കെ. 21

പണ്ടുള്ള യോഗികൾ, 'ജലം സവിതാവു ഗോക്കൾ
കൊണ്ടുദഹിച്ചു വിടുമിങ്ങിനെനിന്നി'തെല്ലാം;

കണ്ടുള്ളടക്കി വിഷയങ്ങളിലിന്ദ്രിയങ്ങൾ
കൊണ്ടുൾപ്പെട്ടത്തിയിടപാൎത്തവ വീണ്ടെടുക്കും. 22

നോക്കും മനസ്സിതുനിലയ്ക്കു നിറുത്തി നിന്നു-
നോക്കുന്നതാണു ഗുണമിരവിയെന്നപോലെ
ചേൎക്കുന്നതെത്ര വിഷമം? പ്രിയമേറെയൊന്നിൽ
കേൾക്കുള്ളുവെച്ചൊരു പഴങ്കഥ ഞാൻ കഥിക്കാം. 23

ഉണ്ടായിരുന്നു സതി, പണ്ടനുവേലമുള്ളിൽ
കൊണ്ടാളിടും പ്രണയമൊത്ത കപോതയുഗ്മം;
രണ്ടാളുമൊത്തൊരു മരത്തല പുക്കു കൂടു-
മുണ്ടാക്കി വാണു വിപിനത്തിലനേകകാലം. 24

ഗാൎഹസ്ഥ്യമാൎന്ന മിഴിയാമിഴികൊണ്ടു; ദേഹം
ദേഹത്തിനാൽ, കരളഹോ കരൾകൊണ്ടിണക്കി,
ഗേഹത്തിൽ വാണിരുവരും പ്രിയമേറിയേറി
മോഹത്തിലാണ്ടു വിഷയക്കളി കേളികൊട്ടി. 25

ഒന്നിച്ചിരിപ്പു, നട, നിൽപ്പു, കിടപ്പശിക്ക-
ലെന്നില്ല സൎവ്വമൊരുമിച്ചു സമാചരിപ്പോർ,
ഭിന്നിച്ചിടാതെ വിപിനങ്ങളിലങ്ങുമിങ്ങും
തന്നിച്ഛപോലെ കളിയാടി നടന്നിരുന്നു. 26

എന്തിങ്കലിഷ്ടമന മത്തരുണിക്കതെങ്ങാൻ
ചിന്തിക്കുവാൻ തുടരുകിൽ ധൃതിയോടു പോയി,
അന്തിക്കു മേന്തിവരുമാ പ്രിയവസ്തു കാമ-
ച്ചെന്തിയ്യിൽ വെന്ത കരളാണ്ട കപോതവീരൻ. 27

ഒത്തിഷ്ടമാൎന്നു കഴൽകൊണ്ടിള മാന്തിമാന്തി-
കൊത്തിക്കടഞ്ഞു പുഴ നെല്ലിവയുണ്ടുകൊണ്ടും,
വൃത്തിക്ക പൊങ്ങുകളിലാച്ചിറകിട്ടടിച്ചു
തത്തിപ്പിടഞ്ഞുടൽ കുടഞ്ഞു മുരണ്ടുകൊണ്ടും. 28

പൊത്തിപ്പിടിച്ചു ചിറകാട്ടി മുദാ കഴുത്തു
മുത്തിത്തിരിഞ്ഞു രസമാൎന്നിണ മൂളി മൂളി,
കത്തിജ്ജ്വലിച്ച മദനാൎത്തിയമൎത്തമൎത്തു
വൎത്തിച്ചുകൊണ്ടു മവരങ്ങിനെ കൂത്തടിച്ചു. (യുഗ്മകം) 29

സ്ഥായിസ്സു ചേൎന്ന ഗൃഹിണീസ്സു കടീത്തിൽ ഗൎഭ-
മായിക്കഴിഞ്ഞു പരിപൂൎണ്ണത വന്നകാലെ,
ആയിഷ്ടവല്ലഭനടുത്തവൾ പെററുകുട്ടി-
ലായിട്ടു മൊട്ടകളരിഷ്ട മൊരല്പമെന്യേ. 30

ഹേമോപമപ്രഭയെഴും ചെറു മാടുകൾക്കു
കൈമോശമൊന്നുമണയാതെ പൊരുന്നി മെല്ലെ,
രോമോൽഗമാദികൾ ദിനംപ്രതി നോക്കിനോക്കി
പ്രേമാദ്രയത്തോടവരുൾക്കുളിരാൎന്നു വാണാർ. 31

കണ്ടും, കിടാങ്ങളുടെ പൂവുടലുമ്മവെച്ചു-
കൊണ്ടും, കളസ്വനരസായന മുണ്ടുകൊണ്ടും,
ചുണ്ടും തുടുത്ത നയനങ്ങളുമോമനിച്ചുൾ-
ക്കൊണ്ടും സുഖക്കടൽനടുക്കു പുരണ്ടുവീണാർ. 32

പൊട്ടിത്തഴച്ച ചെറുവല്ലികളയ്യ! തൊട്ടാൽ
പൊട്ടിത്തരിക്കുമെവനും മൊഴികേട്ടു നില്ക്കും;

കുട്ടിത്തരക്കളികളിൽ ചിലചാട്ടമോട്ടം
മട്ടിത്തരത്തിലവർ കണ്ടുമിരണ്ടുപോയി. 33

മായാപിശാചിയുടെ കൊട്ടിനു തുള്ളിടുന്നോർ
സ്വീയാനുരാഗ ദൃഢബന്ധ നിപീഡിതന്മാർ;
ജായാമണാളരവരാബ്ഭവഭാണ്ഡമേന്തി
യായാസമാന്നു ചെറുകുട്ടികളെപ്പുലർത്തി. 34

ഇന്നിക്കിടാങ്ങൾ വയർ കാഞ്ഞു കരിഞ്ഞുപോകു-
മെന്നിപ്രകാരമവരോർത്തവിടുന്നൊരുന്നാൾ,
ഒന്നിച്ചിറങ്ങിയിരതെണ്ടി നടന്നു; ദൈവം
തന്നിച്ഛയെങ്ങിനെ തടുക്കു; മടുത്ത കാട്ടിൽ! 35

ആതങ്കമററു കളിയാടിയിളം കപോത-
പോതങ്ങൾ കൂടരികിലങ്ങിനെ സഞ്ചരിച്ചു;
'ഹാ!തക്ക'മെന്നു വലവീശിയതിൽ പെടുത്തി
പൈതങ്ങളാമവരെയങ്ങൊരു ദുഷ്ടവേടൻ! 36

തീററക്കു തക്ക പുഴു നെല്ലിവ കൊക്കിലേന്തി
യേററം ജവത്തൊടു പിതാക്കളണഞ്ഞ നേരം,
ചിററം തിരണ്ട വിധികൊണ്ടു കിടാങ്ങൾ വേട-
ക്കൂററൻെറ വൻ വലയിൽവീണതു കാണുമാററായ്. 37

ദുഷ്ടൻെറ വീശുവലയിൽ ശിവരാമ! രാമ!
കഷ്ടം! കിടാങ്ങൾ വലയുന്നു! കരഞ്ഞിടുന്നു
ദിഷ്ടം നമുക്കു വിപരീത;മിനിപ്രപഞ്ച-
മിഷ്ടപ്പെടില്ല ദൃഢമെന്നവൾ പാഞ്ഞലഞ്ഞാൾ 38

സ്നേഹം ദിനംപ്രതി വളൎന്നു വളൎന്നു മായാ-
മോഹത്തിൽമുങ്ങിയ കപോതി ശുചാന്ധയായി,
ഹാ! ഹന്ത മക്കളുടെ ദുൎമ്മൃതി കണ്ടു തന്റെ
ദേഹത്തെയും വലയിൽവീണു വെടിഞ്ഞുകൊണ്ടാൾ. 39

ദൈവം ചതിച്ചു മമ മന്ദിരലക്ഷ്മിതുല്യ-
ഭാവം കലൎന്നു ചെറുമക്കളൊടൊത്ത കാന്ത;
ജീവൻ വെടിഞ്ഞു ഗതിയെന്തിനിയെന്നു മോട-
പ്രാവമ്പരന്നു മതിമങ്ങി മയങ്ങിനിന്നാൻ. 40

ഭാഗ്യംകുറഞ്ഞവനു ഞാൻ കരൾകെട്ടദുഷ്ടൻ
ഭോഗ്യങ്ങളൊന്നുമകൃതാൎത്ഥനപായമാൎന്നോൻ,
യോഗ്യങ്ങളല്ല വിഷയങ്ങളെനിക്കു വൻവൈ-
രാഗ്യം വരുന്നു സകലത്തിനുമൊന്നുപോലെ. 41

കന്നിച്ചിരുന്ന വിഷയങ്ങളിലൊന്നുപോലെ
നന്ദിച്ചിരുന്ന സഹധൎമ്മിണിയും; സഹൎഷം
മുന്നിൽ ചിരിച്ചു കളിയാടി നടന്ന കട്ട-
പ്പൊന്നിൻകുരുന്നുകളു; മെന്നെ വെടിഞ്ഞുവല്ലോ. 42

കാണപ്പെട്ടും സുകൃതരാശിയുമെന്റെ പഞ്ച-
പ്രാണങ്ങളും പ്രകൃതി മാറിമറിഞ്ഞിവണ്ണം;
കേണന്തരമല്ലേയിവനെന്തിനു ജന്മ; മാക്ഷ-
വേണംസുഖം ഭവനമിങ്ങിനെ യൊക്കെവന്നാൽ. 43

ദാരങ്ങൾപുത്രരൊരുമിച്ചു ഗമിച്ചു; ജീവ-
ഭാരം വൃഥാവിലിനിയെന്തിനു ഞാൻ വഹിപ്പൂ!

വാരം പരച്ച കാൎമ്മോടമിവണ്ണമോൎത്തും
വാരഞ്ചിടും വലയിൽ വീണിതുടൻപിതാവും. 44

ആ വന്ന വേടവികൃതിക്കഴ ചെന്നടുത്താ-
ക്കൈവന്നഭക്ഷ്യമൊരു കൂടയിലാക്കിവേഗം,
പാവങ്ങൾ വീണവല കെട്ടിയ കെട്ടഴിച്ചു
ഭാവം തെളിഞ്ഞു ഭവനത്തിനുവെച്ചടിച്ചു. 45

ചൊല്ലാം കുഡുംബികൾ മനസ്സിനടക്കമേതു-
മില്ലാതെ പുത്രദയിതാദി ജനത്തെ മററും,
വല്ലാത്ത യത്നമൊടു പോററിവളൎത്തു കുണ്ടിൽ
നില്ലാതെ വീഴുമൊടുവീക്കിളിയെന്നപോലെ. 46

ഈ വാസ്തവങ്ങൾ കരുതിബ്ബത! മുക്തികയ്യി-
ലാവാൻ ശ്രമിക്ക കളയാക്ക മനുഷ്യജന്മം;
മാൽവാച്ച സംസൃതിയിലാണ്ടു മിരണ്ടു മോട-
പ്രാവാൻ മാതിരി വരാതെ വസിക്കമുഖ്യം. 47

ഒന്നിൽ-കണക്കിലധികം-പ്രിയമുള്ളവൎക്കു
കുന്നിക്കുമില്ല സുഖ;മത്രയുമല്ലൊടുക്കം,
തന്നിഷ്ടരൊത്തു മുടിയും പരമെന്നബോദ്ധ്യം
വന്നില്ലയെ? ന്തഖ; കപോതകഥാനകത്താൽ. 48

ഒന്നിങ്കലുന്നിയഥ, രണ്ടു വെടിഞ്ഞു, മൂന്നിൽ
വന്നിച്ചനാലനുഭവിക്കണമെങ്കിലാൎക്കും
ഒന്നിന്നുമില്ല വിഷമം സുഖമേററമുണ്ടാ-
മെന്നിപ്രകാരമറിക തമവിചാരശീലെ! 49

വാനിങ്കലുംവരതനോ! നരകത്തിലും നാം
ധ്യാനിച്ചിടുന്ന സുഖദുഃഖ മശേഷമാൎയ്യേ!
ഹേ നിത്യമല്ലവു കളിന്ദ്രിയ ജന്യമത്രേ
മാനിപ്പതില്ല മുനിമാരതുകൊണ്ടു രണ്ടും. 50

കിട്ടുന്നതാണശന; മില്ലകണക്കു;ടുക്കൽ
പ്പെട്ടുള്ളതൊക്കെ; രുചിയും രുചികേടുമില്ല;
തട്ടുംമുഴക്കെ;യൊരുവേള കിടച്ചിടാഞ്ഞിൽ
മുട്ടും;പരിഭ്രമ മൊരിക്കലു മില്ലലേശം. 51

ചുമ്മാകിടക്കു മൊരുപാടുദിനം; കുറച്ചും
തിന്മാൻശ്രമിക്കു പതിവില്ല; മഹാൻബലിഷ്ഠൻ;
ഉന്മാദമററവ;നൊത്രുക്ക, നടച്ചിലാറേറാൻ
വന്മാലൊഴിഞ്ഞൊരു മഹാശയനു;ള്ളുറച്ചോൻ. 52

ദൈവത്തെയോൎത്തൊരുമലഞ്ചെരുവിൽ പെരുമ്പാ-
മ്പേവം കിടക്കുമൊരുദിക്കിലനങ്ങിടാതെ,
വൈവശ്യമെന്തിനു? ദൃഢാജഗരവ്രതം നാ-
മേവക്കു മുത്തമ മുദാരഗഭീരചിത്താ! 53

ഹാ! മാററമില്ല,കരയില്ല, കലക്കമില്ല;
പൂമാനിനീശഭവനം ഹൃദയം ഗഭീരം;
ഈമാതിരിക്കു വിലസും കടലിൻമഹത്താ-
ഭ്രമാവിനെസ്സുദതി, നേടുകിൽനാം കൃതാൎത്ഥർ. 54

ആടിക്കുഴഞ്ഞു പല ഭൂഷകളുംധരിച്ചു
മോടിപ്പുകിട്ടുടയപട്ടുടയാടചാൎത്തി,

വീടിച്ചുവച്ചചൊടിയിൽ ചൊടികൂട്ടി നല്ല-
ധാടിക്കു മത്തഗജഗാമിനി വന്നിടുന്നു! 55

സോമാവതംസനിനവോ; വിധിതൻകിടാവോ;
ശ്രീമാധവൻറെ ഹൃദയക്കുളിഃരാം;നിലാവോ;
കാമാമയത്തിനു രസായനമോ; തടിഃത്താ;
മാമായപൊറാമകളോ; മിഴിയിൽ കുളിപ്പൂ! 56

ചെയ്യാൻതടഞ്ഞ വിഷയങ്ങളിലിപ്പ്രകാര-
‘മയ്യാംസത്തിനു’ നിനച്ചുകളിച്ചൊടുക്കം,
തിയ്യാളിടുമ്പൊളതിലാഗ്രഹമന്നു ചാടു-
മിയ്യാന്റെമാതിരി മനുഷ്യർ മുടിഞ്ഞിടുന്നു. 57

ചിന്തിച്ചു ഗന്ധവഴിതങ്ങലർ പുക്കു തത്ര
ചിന്തിച്ചുരന്നമധുവുണ്ടു മുരണ്ടിരിക്കെ,
അന്തിപ്പിറപ്പിലതു കൂമ്പിയതിൽക്കുടുങ്ങി
വെന്തിങ്ങലിന്നടിപെടുന്നു മധുവ്രതങ്ങൾ. 58

നാമിത്തരത്തിൽ മണമുള്ളപദാൎത്ഥഃമറെ-
ക്കാമിച്ചു ചെന്നനുഭവിച്ചു സുഖിച്ചിരുന്നാൽ,
താമിസ്രമാണു ഫല;മെന്നറിവോൎക്കു ദുഃഖ-
വ്യാമിശ്രസംസൃതിയിൽനിന്നൊഴിവായിനില്ക്കാം. 59

ആരാഞ്ഞലഞ്ഞു ദിവസേന വഹിച്ചതുണ്ടു-
തീരാതെ മക്ഷികകൾ തേടിയ തേൻകുടങ്ങൾ,
പാരാതെ മക്ഷികകളെക്കനലിട്ടുചുട്ടു-
ട്ടാരാനുമേന്തുമിതു ലുബ്ധർ നിനപ്പതില്ല. 60

വാഴ്കുന്ന പട്ടിണികിടന്നു മൂൎച്ഛ തേടി-
ക്കാക്കുന്നലുബ്ധരവരാധനമൊത്തൊടുക്കം,
പോക്കും കടുപ്പമുടലും പരമോൎത്തുലാക്കു-
നോക്കുന്നകൂട്ടർ വഴിയാഠധൂപങ്ങൾ പോലെ. 61

അന്നന്നു കിട്ടിയ മധൂളി ഭുജിച്ചു;നാളെ-
ക്കെന്നങ്ങുബാക്കി കരുതില്ല, അറ,കുക്ഷിതന്നെ;
നന്നല്ലയോ മധുപവീതി?യിതി വ്രതത്താ-
ലുന്നമ്രതുഷ്ടിയടയുന്നു യതീശ്വരന്മാർ. 62

ശിക്ഷിച്ച മാധുകരിരീതി നടന്നിരന്നു
ഭക്ഷിപ്പുകയ്യിലയിൽ,വപ്പാ കുക്ഷിയായോർ;
സൂക്ഷിച്ചുവെച്ചുകഴിയും പതിവററക്കൂട്ടർ
വീക്ഷിക്കയോഗികൾ മഹാശയർ മാഴ്കിടാത്തോർ 63

പുല്ലാലടച്ച കുഴിതന്നരികത്തു കണ്ട
നല്ലാഭയുള്ള പിടിയെപ്പുണരാനൊരുങ്ങി,
നില്ലാതെ ചെന്നകൊലകൊമ്പനതിൽപ്പതിച്ചു
വല്ലാതെയാം; വിദുഷി! കണ്ടറിയുന്നതല്ലേ? 64

വമ്പാർന്നെഴുന്ന മററയാരിഹ കാലുകൊണ്ടും
പെമ്പാവയെന്നറികിലും തൊടുവാൻ മടിക്കും;
നമ്പാതെ പാൽമൊഴികളെപ്പുണരുന്ന കാമ-
കമ്പാവലംബിക ളയേ! കരിപോലെ വീഴും. 65

ആൎക്കും കൊടുക്കപതിവില്ല; തനിക്കുമില്ല;
വാഴ്കും പിശുക്കുടയ ദുഷ്ടനെഴുന്നവിത്തം;

നോക്കുമ്പൊഴൊക്കെയപരന്നുപകാരമേവ-
മാക്കുന്നു; കാലഗതികാണുകകഞ്ജനേത്രേ! 66

മാനത്തെവിററു നിലയും വിലയും കളഞ്ഞു
ന്യൂനംകൊതിച്ച്“പണമേ പണ”മെന്നിവണ്ണം,
ധ്യാനം തുടങ്ങിന കുഡുംബികൾകൊണ്ടവിത്തം
താനന്യനാർന്നനുഭവിക്കു മിതും ധരിക്കൂ. 67

തിന്മാനതീവ കൊതിപൂണ്ടുകടന്നു ചൂണ്ട-
ലുണ്മാനൊരുങ്ങിയരു ദുർമ്മതിയേൽപ്പമത്സ്യം;
ഇമ്മാതിരി കുശനമോർത്തുപരിഭ്രമിക്കു-
മമ്മാനുഷർക്കപകടം പെടുമേതിടത്തും. 68

പാട്ടാർന്നരാം വശികളാദരിയാം, പുരാ മാൻ
കാട്ടാളഗീതരസ മോഹിതനായ്ക്കുടുങ്ങി;
പാട്ടാട്ടമെന്നിവകൾ കണ്ടു മിരണ്ടു പണ്ടു
വേട്ടാനൊരംഗനയെ മാമുനി, ഋശ്യശൃംഗൻ. 69

പാട്ടിൽഭ്രമിച്ചു വലയാറ്റു തിലേക്കു ചൂണ്ടി-
ക്കാട്ടിപ്പറഞ്ഞു ചിലതിങ്ങിനെഞാൻ മനോജ്ഞെ!
കേട്ടില്ലയോ വിഷയബാധയിലിന്ദ്രിയങ്ങൾ
ചാട്ടിന്മലേറി മറിയുന്ന മറിച്ചിലൊക്കെ? 70

എഞ്ചേതനേശി! മനമാകിയ ചക്രവൎത്തി
പഞ്ചേന്ദ്രിയങ്ങളുടെ മേൽവടിയായവറ്റെ,
അഞ്ചേവമുള്ള വിഷയങ്ങളിൽ വിട്ടടിച്ചു
കൊഞ്ചേന്ദതില്ല നിലനിർത്തണമെന്നുസാരം. 71

മിണ്ടാതെ പട്ടിണികിടന്നു ബലപ്രഭാവ-
മുണ്ടാക്കി യോഗികൾ ജിതേന്ദ്രിയരായിടുന്നു,
കൊണ്ടാളിടും രസന പട്ടിണിയാം; ലതല്ല-
മുണ്ടാലടങ്ങു; മതിൽവെച്ച പരങ്ങളാളും. 72

ഇല്ലാ ജിതേന്ദ്രിയത നാവിനതെല്ലടക്ക-
മില്ലാഞ്ഞിലാക്ക്, മവനഞ്ചിലതാണുമുഖ്യം;
ചൊല്ലാം ജയിച്ച രസനേന്ദ്രിയമെങ്കിലായം-
മെല്ലാം ജയിച്ചു; വശിയാംപശികെട്ടമർത്ത്യൻ. 73

അല്ലേനിരാശത മനസ്സിലുദിക്കുമപ്പോ-
ളല്ലേ ഭവപ്രശമനം കൊലയാനയാനേ!
ചൊല്ലേറിടും സ്വമതിപിംഗള സത്സ്വഭാവ-
മല്ലേ വഹിച്ചതൊട്ടവാർന്നിരാശമൂലം. 74

തേനഞ്ചിടുംമധുരഭാഷിണി! പിംഗളോപാ-
ഖ്യാനഞ്ചെവിക്കു തവ പുത്തരിയായിരിക്കാം;
ഞാനല്പമൊന്നുമഷിയാം, കഥകേട്ടമൂളാ-
നാനന്ദമെങ്കിലഖിലം വിവരിച്ചുരക്കാം. 75

മിന്നൽപ്രഭാപടല ധാടിയിലംഗമാന്നോ-
രന്നപ്രഗത്ഭഗതി പിംഗളയെന്നൊരുത്തി,
മന്നിൽപ്രസിദ്ധമിഥിലാപുരിവാണു; കണ്ടാ-
ലന്നപ്രകാരമൊരു പാൽമൊഴിപാരിലില്ല. 76

വഞ്ചേലി, മുന്തളിർതൊഴുംതനു, കോകിലച്ചൊ-
ല്ലഞ്ചേണ്ടതായമൊഴി; തേഞ്ചൊടി; ദിവ്യഗന്ധം;

നെഞ്ചേതവക്ഷമലിയും തരുണാംവലിയ്ക്കു
പഞ്ചേന്ദ്രിയക്കളവിയാ യവളുല്ലസിച്ചു. 77

പിട്ടിൽപുലൻപുതുപുഞ്ചിരിയും; കഴുത്തു-
വെട്ടിക്കലും, തലചെരിഞ്ഞുകുനിഞ്ഞുനിൽപും,
തട്ടിപ്പുകൂട്ടിയ കടാക്ഷ മിടയ്ക്കിടയ്ക്കു
തട്ടിക്കൊടുക്കമടവും കിടയററമെയ്യും. 78

മുട്ടിൽകവിഞ്ഞകരിവാർകുഴലും, വിശേഷ-
മട്ടിൽചമഞ്ഞൊരാഴകും, മൊടിയും, വെടിപ്പും,
പട്ടിട്ടുമൂടിയകുചങ്ങളുമാന്ന തങ്ക-
ക്കട്ടിക്കുരംഗമിഴിമാരനെയുംമയക്കും (യുഗ്മകം) 79

വേട്ടാളിലില്ലഭയേ; മത്രയുമല്ല,ചേട്ട-
കാട്ടാനയാനയവൾ കണ്ടവരോടുകൂടി,
കാട്ടാനുറച്ചു "പലതും," പറകൊണ്ടുമന്നു-
കൂട്ടാൻനിനച്ചു പണ മാത്രമഗൃഹത്തിനുള്ളിൽ. 80

സങ്കേതഭൂമികളിലേതവരോടുമൊത്തു
കങ്കേളിബാണസമരം പകലുംതുടർന്നാൾ;
മങ്കേ! ധരിക്ക പരമാക്കലടങ്ങ്യേഴന്നോ-
രങ്കേവ;മാക്ഷമുലകിൽ തടയാൻഞെരുക്കം. 81

താനിട്ടുവെച്ചപടിയേതവരും കനിഞ്ഞു
മാനിച്ചു നൽകിടണമേ നികുതിക്കുതുല്യം;
മേനിപ്പകിട്ടു ചെറുതല്ല, കൊടുക്കണം ഭൂ-
ജാനിക്കു; മിങ്ങിനെയൊരാജ്ഞജഗത്തിലുണ്ടോ? 82

പൊന്താരിളന്തനുവരൻ വിലപിച്ച തന്റെ
ചെന്താരണിത്തിരുവടിക്കളിരിൽപ്പതിക്കേ,
എന്താണിതെന്നു കുരവില്ലി ചുളിച്ചുനോക്കു;
മെന്താവലാധിപറയുമ്പൊഴുമത്രമാത്രം. 83

ഈമാതിരിക്കൊരുപെരുത്തു ദിനം കളിച്ചു
പൂമാനിനീ സദൃശി പിംഗളമംഗളാംഗി;
വാമാക്ഷികേൾക്കതിനിടക്കൊരു നാളൊരാളും
കാമാൎത്തി തീൎപ്പതിനടുത്തണയാഞ്ഞലഞ്ഞാൾ. 84

പൂമച്ചിലാന്റവളിരുന്നെഴുനേററുനിന്നു;
കേമത്തി; തെല്ലിടനടന്നു; വിയൎത്തു; വീൎത്തി;
കാമത്തിളപ്പിലുടൽവാടി; വലഞ്ഞു; രാവി-
ലാമഞ്ജുഭാഷിണി തനിച്ചുപുറത്തിറങ്ങി. 85

“സേവക്കുവേണ്ടി നിലയും വിലയും കളഞ്ഞു
ഭാവംഗ്രഹിച്ചരികിലെത്തിയിരുന്നകൂട്ടർ,
ഈവണ്ണമുള്ളനില യെങ്ങിനെയാന്റുനമ്മിൽ
ദൈവത്തിനല്പമൊരസൂയ ജനിച്ചിരിക്കാം!” 86

പ്രാന്തങ്ങളത്തിലൊരു കാല്പെരുമാററമെന്നാ-
ഭ്രാന്തത്തലാന്റവളടുത്തു തിരിഞ്ഞുനില്ക്കേ,
സ്വാന്തത്തിലോൎത്തു കതകുന്തിയൊരാളിവണ്ണം
താന്തത്തിയെത്തിയഥ വാതൽ തുറന്നുനോക്കി. 87

ആളില്ല പിന്നെ യിറയത്തലർബാണ മേററു-
ള്ളാളിക്കുഴങ്ങി യവിടെക്കുറെ യൊന്നിരുന്നു;

കോളില്ല ഞെട്ടിയവളങ്ങിനെ രാവിരുട്ട
കാളിത്തഴക്കെ യെഴുന്നേററു നടന്നുവീണ്ടും. 88

മാതംഗമന്ദഗതി കേളിവനത്തിലെസ്സ-
ങ്കേതസ്ഥലങ്ങ,ളൊളിവാച്ചലതാഗൃഹങ്ങൾ,
ചേതസ്സിലോർത്തവിടെയൊക്കെ നടന്നു രാത്രി-
യാതങ്കമാർന്നവളലഞ്ഞു വെളുക്കുവോളം. 89

ഹാ! തോന്നിടൊല്ലൊരു വെറുപ്പിവളിൽ കുറച്ചും,
നീതോഷമാർന്നിടുക, തേടുക സൂക്ഷ്മതത്വം;
ചേതോഹരാംഗിയിവൾ ചെയ്തോരദൃഷ്ടകർമ്മ
മേതോ മറക്കുന്നനുഭവിക്കുകയായിരിക്കാം! 90

ആ രാവിലാത്തരുണികാട്ടിയ ഗോഷ്ടിചൊല്ലി-
ത്തീരാൻ ഞെരുക്കം; മവളംഗനയെന്തുചെയ്യും;
മാരാശുഗങ്ങ ളതിമാത്ര മുറപ്പുകൂട്ടം
ധീരാശയോപലവുമെത്ര തകർത്തിടുന്നു! 91

രാവിത്രയൊക്കെ വിഷമിച്ചു നടന്നുഴന്നു
വാവിട്ടലച്ചു നെറികെട്ട ദുരാശവിട്ടു;
"ഈ വിഡ്ഢിവേഷമിനി വേണ്ട മുഴിഞ്ഞു"വെന്നാ-
യാവിശ്വമോഹിനി വിളിച്ചുപറഞ്ഞുറച്ചു. 92

കൈവല്യമേ ഗതിയെനിക്കിനിയിപ്രപഞ്ച-
സേവയ്ക്കുവാച്ച കൊതിതീർന്നു വെറുത്തു സർവ്വം;
ദൈവത്തെയിങ്ങിനെ നിനച്ചവളപ്രമത്ത-
ഭാവങ്കലന്നു, ഭവഭാണ്ഡമെടുത്തെറിഞ്ഞു! 93

നൈരാശ്യമാൎന്നു നിഗമാൎത്ഥനിഗൂഢമൂൎത്തി-
നാരായണൻശരണമെന്നവർ തീൎച്ചയാക്കി;
ക്രൂരാശയങ്ങൾ വിഷയാഗ്രമൃഗങ്ങൾ തിങ്ങു-
ന്നോരാബ്ഭവാടവി കടത്തണമെന്നിരന്നാൾ. 94

ദൈവത്തിലും വലിയതാണവൻ, വരേണ്യ-
നാ വല്ലഭൻെറ ചരണങ്ങൾ മറന്നു കഷ്ടം!
ശ്രീവത്സലാഞ്ഛന! നടന്നൊരു ചേഷ്ടയായ
ജീവപ്ലവം, കുലട, ഞാൻ കൃപവേണമെങ്കിൽ. 95

ധന്യങ്ങളായ തറവാടുകളെത്രശുദ്ധ-
ശൂന്യങ്ങളാക്കി?യധികം കൊലയും നടത്തി;
അന്യങ്ങളായ ദുരിതങ്ങളുമാചരിച്ചേൻ
നിന്ദ്യങ്ങളെൻെറ ചരിതങ്ങൾ ചരാചരാത്മൻ! 96

പൊന്നെത്ര, പാത്രനിരയെത്ര, ധനങ്ങളെത്ര,
മന്നെത്ര, പട്ടുപുടയെത്ര, ഗൃഹങ്ങളെത്ര,
ഇന്നെൻെറ ദുഷ്കൃതഫലങ്ങളിതൊക്കയും ഞാൻ
നിന്നെസ്മരിച്ചഘവിമൎദ്ദന! കൈവിടുന്നേൻ. 97

ദേഹത്തിലും രതിസുഖത്തിലുമുള്ളിലുള്ള
മോഹത്തിനാൽ ദുരിതനാശന! ഗൎഭനാശം,
ഹാ ഹന്ത! ചെയ്തു നിലവിട്ടൊരജാമിളൻെറ
മോഹംകളഞ്ഞ ഭഗവൻ! കൃപവേണമെന്നിൽ. 98

ആരായിരം പിഴപിണഞ്ഞു മനസ്സെരിഞ്ഞു
നീരായിഹന്ത! ഭഗവൻ! കളികാൎയ്യമായി;

കൂറായി നിങ്ക,ലതുമല്ലടിയൻ ഭവാനു
തീറായി; തീർത്തുതരണേ, ദുരിതങ്ങളൊക്കെ. 99

ലേലംവിളിച്ചു വിലകൂട്ടിയകൂട്ടർ വന്നു
കോലംപുണർന്നു സുഖമാർന്നടിയത്തിനിപ്പോൾ,
ഫാലസ്ഥലത്തുമറയോരണിയുന്ന നിൻതൃ-
ക്കാലാംബുജപ്പൊടി, പുരട്ടണമെന്നുമോഹം! 100

പൊമ്പണ്ടവും പവനനുമങ്ങിനെ കണ്ടു കണ്ടു
കമ്പംപിടിച്ചു നയനങ്ങളിനിദ്ദയാബ്ധേ!
നിമ്പത്തുതൊട്ടു മുടിയോളമെഴുന്നദിവ്യ-
സമ്പത്തുകണ്ടു കളിയാടിയിരുന്നിടട്ടെ! 101

കാണിക്കുമത്തൽ പനിനീരിവയോർത്തു ഗോഷ്ഠി-
കാണിക്കുമെൻ ചപലനാസിക തൃപ്പദത്തിൽ,
ക്ഷീണിച്ചുലററിളകുമാ ത്തുളസീസുഗന്ധം
ഘ്രാണിക്കണം ഘനഘനാഭ! വണങ്ങിടുന്നേൻ. 102

ഭോഷത്വമോർക്ക്,പണമെണ്ണിയിടുന്ന ശബ്ദം
തോഷം ചെവിക്കിതുമറന്നു ഭവാന്റെ മുമ്പിൽ,
ദോഷങ്ങളററ മുനിമാരുടെ സാമവേദ-
ഘോഷം ശ്രവിച്ചുമരുവാനിടയാക്കണംമേ. 103

പിട്ടിൽപിരണ്ടിഹ മനുഷ്യർ കുടുങ്ങിടുന്ന-
മട്ടിൽപ്പുകഴ്ന്നാ മൊഴികൊണ്ടിനി ഞാൻ നിദാനം,
മുട്ടിക്കയില്ല തിരുനാമജപങ്ങൾ; ബുദ്ധി-
മുട്ടിച്ചിടാഴ്ക ഭുവനേശ്വര! ഭക്തബന്ധോ! 104

പഞ്ചേന്ദ്രിയങ്ങളു മൊരേനിലയിൽ ദയാലോ!
നിഞ്ചേവടിത്തളിരിൽവെച്ചു നമിച്ചിടുന്നേൻ;
എഞ്ചാപലങ്ങളൊഴിവാക്കണമെന്നിരന്നുൾ-
സ്സഞ്ചാര മാററിയവൾ നിർവൃതി പാത്രമായി. 105

വാരാംഗനാമണി, സുമംഗളപിംഗളയ്ക്കു
നാരായണസ്മൃതി നിരാശതയാലുദിച്ചു;
ഘോരാർത്തിവിത്ത വിഷയങ്ങളിലുള്ളുറച്ച
നൈരാശ്യമാണു നിലനില്പിനു മുഖ്യമൂലം. 106

നീ കേൾക്ക; കൊച്ചുകുരരിക്കിളി മാംസമെന്തി-
പ്പോകെ 'പ്പിരാഞ്ചി' യപരൻ; കിളികസ്സലാക്കും;
ഹേ! കേണുപോകു; മവനാമിഷഹീനനെങ്കിൽ
മാഴ്കേണ്ടതില്ല; ഭുവി സംഗ്രഹികൾക്കു ദുഃഖം. 107

ലോകർക്കതിപ്രിയമെഴുന്നവയെന്തുതന്നെ-
യാകട്ടെ, സംഗ്രഹമബാധ; മകിഞ്ചനന്മാർ,
പാകത്തിലങ്ങിനെ കഴിഞ്ഞുവരുന്നു; നേട്ടം
ശോകത്തിനുള്ള വഴി, യെന്നറികാർദ്രശീലേ! 108

'ഇള്ളക്കിടാങ്ങ'ളുടെ കേളി നിനയ്ക്കു, വക്ക്-
ന്നുള്ളത്തിനില്ല രതി, കേളിരസാദിയൊന്നും,
ഉള്ളറവു മാനസമിതേ നിലയിങ്കൽ വെച്ചു-
കൊള്ളട്ടെ മർത്ത്യർ വിഷയക്കളിയാടിടുമ്പോൾ. 109

ഒട്ടല്ലമോദ, മഴലില്ല, വിചാരമില്ല,
കുട്ടിക്കിടാങ്ങളുമൃഷീന്ദ്രരുമൊന്നുപോലെ,

നട്ടന്തിരിഞ്ഞു നെറികെട്ടുഴലാതെ, നാമീ-
ച്ചിട്ടക്കിരിക്കണമതെപ്പൊഴുമോൎമ്മവേണം. 110

*  *  *  *  *  *

ബോധിക്ക, പണ്ടു ദിനവൃത്തിയഥാകഥഞ്ചിൽ
സാധിച്ചുപോന്നിതൊരു വീട്ടിലെഴും ജനങ്ങൾ,
ആധിക്കവൎക്ക വഴിയില്ല ദുരാശയൊന്നും
ബാധിക്കയില്ല, ഭഗവൽസ്തുതി നിത്യകൃത്യം. 111
പോയാർ കുഡുംബികളിടക്കൊരുനാളിലന്തി-
യായാറെ യില്ലമൊരുകന്യക കാത്തിരിക്കെ;
ആയാതനായ വഴിപോക്കനിലാക്കിടംവ-
ന്നായാസമററു പരിചൎയ്യകളാചരിച്ചു. 112
അത്താഴമെങ്ങിനെ യകത്തരിയില്ല, നെല്ലു
കുത്താതെ; പാന്ഥനു പരിഭ്രമമായിരിക്കാം;
ഉൾത്താരിലിങ്ങിനെ നിനച്ചു പുരക്കകത്തേ-
ക്കുത്താരിളന്തനു കടന്നു കിടന്നലച്ചു. 113
നെല്ലാദ്യമങ്ങുരലിലിട്ടൊരുലക്കയേന്തി-
ത്തെല്ലാഞ്ഞുകുത്തി; വളക്കൂട്ടിയടിച്ചു ശബ്ദം;
വല്ലാതിരമ്പി; 'യിവളീന്നില'യെന്നു പാന്ഥൻ
ചൊല്ലാതിരിക്കണമിതോൎത്തവൾ കുത്തൽനിൎത്തി. 114
എന്നിട്ടു തന്റെ കടകങ്ങൾ കുറെക്കളഞ്ഞു;
നിന്നില്ലിരമ്പു; മിരുജോഡി'യെഴിച്ചു'ശേഷം,
അന്നിട്ടെറിഞ്ഞളവിലും ധ്വനി വാച്ചു; പിന്നെ
യൊന്നിച്ചു മെന്നവളുറച്ചു നിലച്ചുശബ്ദം. 115

സാരം ധരിക്ക്'നിനവൊന്നിലെഴുമ്പൊഴസ്സം-
സാരംനശിച്ചനില'യെന്നിതുകൊണ്ടുകാണാം;
പാരം കിടന്നു കഷണിച്ച കുമാരീലോക-
ക്കീ രക്ഷയുള്ള വഴികാട്ടിയനുഗ്രഹിച്ചു. 116

നന്നല്ല കൂട്ടമൊരുപാടൊരുമിച്ചു വാസ
മെന്നല്ല,ദോഷമിരുപേരൊരുമിക്കിലും താൻ,
ഉന്നമ്രസൌഖ്യകര മൊററതിരിഞ്ഞിരിപ്പാ-
ണെന്നാക്കുമാരിയുടെ കങ്കണ മോതിടുന്നു! 117

ശ്വാസംനിവൃത്തിയൊരു ദിക്കിലിരുന്നുചിത്ത-
മാസക്തമാക്കിയൊരിടത്തിളകാതെനിത്യം,
ഹേ! സജ്ജനാദൃതവിശുദ്ധവിരക്തിതാനാ-
ഭാസങ്ങളായ വിഷയങ്ങളി ലഭ്യസിക്കൂ. 118

ഉൾത്താരിൽതനിലനിറുത്തുക; കർമ്മഗന്ധ-
മെത്താതെയാക്കിടുക; സത്വഗുണത്തിലുള്ളം,
സത്തായണച്ചിടുക; രാജസ താമസങ്ങൾ
പത്താലമർത്തുക; നിനയ്ക്കുക സൂക്ഷ്മതത്വം. 120

വൈരാഗ്യമാർന്നു മടി വിഘ്നമിടയ്ക്കുവന്നു
ചേരാത്ത ഹൃത്തളിരിനിപ്പരിശീലനത്താൽ,
പാരാതെജീവപരമാത്മ വിവേകമുണ്ടാം;
പാരാകെയപ്പൊഴുതൊരൊററ നിലയ്ക്കുകാണാം. 120

ചുട്ടന്തിരിഞ്ഞു മറിയുന്നൊരു കൂട്ടിനുള്ളിൽ
നട്ടന്തിരിഞ്ഞിളകിടും കിളിയെക്കിരാതൻ,

മുട്ടമ്പെ,യൂന്നി നിലകൊണ്ടുമനസ്സിരുത്തി
മൊട്ടമ്പെടുത്തടവിലെയ്തു നിലത്തുവീഴ്ത്തും. 121

ലാക്കിന്നിളക്കമതിമാത്രമിരിക്കിലും, ന-
ന്നാക്കിപ്പഠിച്ചസുദൃഢസ്ഥിതി മൂലമത്രെ,
നോക്കിശ്ശരിക്കു ശരമെയ്തു വിടുന്നുവേടൻ;
പാൎക്കില്ല മറ്റൊരു പദാൎത്ഥവുമപ്പൊഴായാൾ. 122

ഏവംനിനക്കിൽ മനുജൎക്കു സുസാദ്ധ്യമേക-
ഭാവങ്കലന്നു നിലകൊണ്ടുലകത്തിലേന്തും;
ഈവണ്ണമുൾക്കളമടക്കി നിനച്ച ശീലി-
ച്ചീവന്നുവാച്ച ഭവപീഡയകററണംനാം. 123

പാൎക്കുന്നതിന്നുവിഷമം ഗതികൊണ്ടു; താനേ
പോക്കൾക്കരുത്തൊഴിടമില്ല പുറത്തുമെങ്ങും;
വാഴുന്ന പാമ്പിനുടെ മട്ടിതു മാമുനീന്ദ്ര-
രോൎക്കുന്നു; നോക്കമിതുകണ്ടു പഠിച്ചിടേണം. 124

കെല്പററജീവിതമിതെന്നറിയാതെ മൎത്ത്യർ
ശില്പങ്ങൾചേൎത്തുവിരചിച്ച നികേതനങ്ങൾ,
സൎപ്പങ്ങൾ,കണ്ടവർ ചമച്ചമടസ്സുകത്തു
പാൎപ്പില്ലയേയാ? സുഖ,മവൎക്കൊരു ഭാരമില്ല. 125

പണ്ടാപ്പുരാണപുരുഷൻ വിഭു മായകാണി-
ച്ചുണ്ടാക്കിവെച്ചഭുവനം ലയ കാലമായാൽ,
ഉണ്ടായകാലകലനാവരശക്തിയാലുൾ-
ക്കൊണ്ടാവഹിച്ചരുളുമത്തിരുമേനിതന്നെ. 126

വൈകല്യമററ സമഭാവനകൊണ്ടുലോക-
മാകണ്ഡമണ്ഡഭഗവാൻ നിജശക്തിയാലെ,
പാകത്തിലാത്രിഗുണ ശക്തികളും ഗ്രസിക്കു-
മേകൻ തനിക്കു വിലയായവനാദിദേവൻ. 127

കൈവല്യമൂർത്തി സകലേശ്വരനാദിദേവ-
ദേവൻപരൻ, പരമപൂരുഷനിപ്രകാരം,
കൈവന്നകേവലസുഖാനുഭവത്തിലിഷ്ട-
ഭാവങ്കലന്നരുളിടും പ്രളയാർണ്ണവത്തിൽ. 128

പാരാതപാരസുഖമാർന്നമരുന്നൊരാദി
നാരായണൻ, ഭുവനസൃഷ്ടിയിലാശവെച്ചും;
ആ രാശിയിൽ പിറവിയൊത്തൊരുമായയൊത്തി-
പ്പേരാണ്ടെഴുന്ന ഗുണസന്തതി ചേർത്തിണക്കും. 129

കൂട്ടിപ്പിരിച്ചചരടിൽ ക്രിയയെന്നശക്തി-
കാട്ടും ജഗത്തുകൾ പിണച്ചൊരു മാലയാക്കും;
പാട്ടിൽധരിച്ചു കളിയാടിയിരുന്നൊടുക്കം
വാട്ടിക്കടഞ്ഞടവിലപ്പടിയുള്ളിലാക്കും. 130

നൂലുള്ളിൽനിന്നുടനയത്തിവളർത്തി നല്ല
ചേലുള്ള വട്ടവല ചുററി നടന്നുകെട്ടി;
പാലിച്ചഴിച്ചതുകളുള്ളിലൊതുക്കു മെട്ട-
കാലിക്കളിസ്സു ശരിയിക്കളികാണണം നാം. 131

ആരൂഢഭക്തിഭയവൈര മിവററിലൊന്നു
വേരൂന്നിയീശ്വരനിലോർമ്മവിടാതെ നിന്നാൽ,

ഈ രൂപമേ, ഹ്രീമറന്നു മനുഷ്യരൊക്കെ
സ്സാരൂപ്യമെന്ന നിലയാർന്നു സുഖിച്ചിരിക്കും. 132

വേട്ടാളനോറാ പുഴുകണ്ണിണപോലതെല്ലാം
കൂട്ടാതെ നോക്കിയവനിൽക്കരൾചേർത്തജസ്രം,
കേട്ടാലുമങ്ങിനെ നിനച്ചു നിനച്ചൊടുക്കം
വേട്ടാളനായ്‌വരുമാപ്പുഴു നോക്കു കാണാം. 133

മോഹിച്ചു ഗോപികൾ; പിതാക്കളെടുത്തു കൊഞ്ചി
സ്നേഹിച്ചു; ചേദിപതി കോപമിയന്നു; കംസൻ,
ദ്രോഹിച്ചു; സൽഗതിയടഞ്ഞു പരമ്പുമാനിൽ
ദേഹിക്കു നിത്യനിനവാത്മഗതിക്കു മുഖ്യം! 134

ഈവണ്ണമുള്ള പല ദേശികരും വിശുദ്ധ-
ഭാവങ്കലന്നറിവു നോക്കു തരുന്നു നിത്യം;
ദൈവത്തെയോർക്കുക; തുറങ്കിൽ വസിക്കുമെന്റെ
സേവയ്ക്കിതൊന്നുമതി ഭാരതമാതൃവത്സ! 135

*　　　*　　　*

മറയിലിയലുമർത്ഥത്തിന്റെ സാരങ്ങളോരോ-
ന്നറിവിനരുളിയെല്ലാം കേട്ടുഞാൻ ശിഷ്ടമൌലെ!
കറികളിവിടെയൂണിന്നേതുമട്ടാം, വിധത്തിൽ
ചെറിയകഥകൾ ബോധത്തിന്നു സൌകര്യമേകി. 136

തിരുവടിയരുളിച്ചെയ്തുള്ള തത്വങ്ങളോരോ-
ന്നൊരുപടി വെളിവേകും; നീക്കുമജ്ഞാനമാക്ഷം,
പുരുഷവൃഷഭ! പൂഷാവിന്നെഴും രശ്മിയോരോ-
ന്നിരുളുടനെയകറ്റി ബോധമേകും പ്രകാരം. 137

ധൃതിയൊടരുളിയോരീ ശ്ശാസ്ത്രസിദ്ധാന്തഃമാത്താൽ
ക്ഷിതിയിലെളിയവക്കും പോന്നവക്കും നിദാനം;
യതികൾ തിരയുമോനെക്കണ്ടിടാം വിശ്വസൃഷ്ടി,
സ്ഥിതി,ലയ,മുളവാക്കി ക്കൂത്തടിക്കും പുമാനെ. 138

വിലപെറുമിവിടത്തെ സത്യസൂക്തൌഘമാകും
കലശജലധിതന്നിൽ ബുദ്ധിയാം മന്ദരത്താൽ,
പലപല വിബുധന്മാർ മന്ഥനം ചെയ്തെടുക്കും
നലമൊടുനിരപായ ജ്ഞാനപീയൂഷസാരം. 139

അതിവികടമടക്കാൻ വയ്യ, സാംക്രാമികംതാൻ
ക്ഷിതിയിലിളകിവാഴ്ത്തും കെട്ടസംസാരരോഗം;
അതിമധുരരസംതേ സൂക്തിപീയൂഷമുള്ളിൽ
പതിയുമളവിൽമാറും പിന്നെയുണ്ടാകയില്ല. 140

വിഷയതതിയിലാടി ക്കൂത്തടിച്ചിന്ദ്രിയൌഘം
വിഷമനിലയിലായി ശ്ശാഷ്ടികാട്ടുന്നഭാഗം,
ധിഷണയിലൊരുഃലേശം തട്ടി വായിച്ചുവെന്നാൽ
വിഷയിക“ള്ളിളിയാത്തോ”രാരുമുണ്ടാകയില്ല. 141

ഒരു സുഖലവമുണ്ടാക്കില്ല ലുബ്ധന്റെവിത്തം
കരുതുകിലിഹലോക ത്താത്തിചേക്കുംനിദാനം;
പുരുനരകഫലംതാൻ ചാവുകിൽ തിട്ടം;മയ്യാ
തിരുമൊഴിയറിവുള്ളോരൊക്കെയും സമ്മതിക്കും. 142

ചെറിയൊരു കുയിൽവാണിത്തയ്യലെക്കൊണ്ടു ലോക-
ക്കറിയുക, തരമാകാതുള്ളൊരദ്വൈത തത്വം,

ചിരിവരുമിഥകാണിപ്പിച്ച മാൎഗ്ഗം വിശേഷം
വെറിയരു മറിയപ്പോന്നോരുമൊപ്പം രസിക്കും. 143

പകയരതിപിശുക്കന്മാർകൾ മാനത്തെവിററും
പകലിരവതിയത്നം ചെയ്തുനേടുന്ന വിത്തം,
സകലവുമപരന്മാൎക്കുള്ള സൌഖ്യത്തിനെന്നാ-
ണ്ടുകതിരിവൊടു ചൊല്ലിത്തന്നതും സമ്മതിച്ചു 144

കലികയറിമദിക്കും മാനസത്തിന്റെശുദ്ധി-
ക്കലിവിനൊടിവിടുന്നീച്ചൊല്ലിയിട്ടുള്ളതെല്ലാം,
വലിയ വലിയ കാൎയ്യം തന്നെയെന്നാലിതത്രെ-
ഫലിതമയമശേഷം പാരിലൊക്കെപ്പരക്കും. 145

അളിനിര മധുസേവിച്ചന്ധരായിക്കുടുങ്ങും
നളിനതതിയിലെന്നായ് ച്ചൊല്ലിവെച്ചുള്ള തത്വം,
തെളിവിനൊടവിടുത്തോടൊന്നു ചോദിച്ചിടട്ടെ
വെളിവിടറിയമദ്യഭ്രാന്തനും പാറുകില്ലേ? 146

ബലമുടയൊരു മക്കഭ്രാന്തിലംപത്തുകാണി-
ച്ചലമരിമയിൽ മോടപ്രാവുകൾക്കുള്ള വൃത്തം,
നലമുടയസുതന്മാർ ജേലിലാപ്പെട്ടതോൎത്തി-
ന്നലയരുതിവളെന്നും കൂടിയോൎത്തില്ലിചൊല്ലി? 147

'പൊറുതി പരമസൌഖ്യം സപ്പ്രീതിക്കി'തിന്മ-
ട്ടറുതിയിലരുളിച്ചെയ്തുള്ളതെന്നുള്ളിലായി;
ചെറുതിവനഴലില്ലാ ജേലിലെന്നെന്നൊടിഷ്ടം
കരുതിയരുളിയല്ലേ വാസ്തവം ഞാനറിഞ്ഞു? 148

കുലടകളണിമുത്താം പിംഗളയ്ക്കുള്ള കാമാ-
കുലതയുടെ കലാശം ചൊല്ലിയിട്ടുള്ള ഭാഗം,
കുലവരിതകളെന്നല്ലേതു പെണ്ണുങ്ങളും ക-
ണ്ടലമിഹതലതാഴ്ത്തും ദുർന്നടപ്പൊക്കെ നിത്യം. 149

പുരുഷനു സുഖദുഃഖം കർമ്മവാക്കായജം; മ-
റ്റൊരുവനവനുനൽകും വസ്തുവല്ലു,ണ്ടിടമ്പോൾ,
ഒരുവനു കടിപററീ നാവിലാവേദനയ്ക്കാ-
തൊരുവനു പിഴതാന്താന്നല്ല; മെന്നോർമ്മവന്നു. 150

അറ, കൃമി മലമൂത്രങ്ങൾക്കു ദുഃഖൈകപാത്രം
പിറവി മൃതി യിവയ്ക്കുള്ളാദിമൂലം ശരീരം;
നിറവിയലിന വൈരാഗ്യത്തിനും ശാന്തതയ്ക്കും
തിറമുടയനിദാനം സൂക്ഷ്മതത്വം നിനച്ചാൽ. 151

അരുതരുതൊരുലേശം സ്നേഹമയ്യോ! ശരീരം
കരുതുക ബലിഭുക്കും പട്ടിയും തിന്നൊടുക്കും;
ഒരുനിമിഷമിതെങ്ങാ നോർത്തുപോയാലരയ്ക്കും
തിരുമൊഴി പതിപ്പിച്ചാ മാമറക്കാമ്പുതന്നെ. 152

'പ്രിയസുത ധനഗേഹാദ്യാപ്തവർഗ്ഗങ്ങളെന്നും
ജയജയസുഖ'മേവം പാർത്തുനേടുന്നനേട്ടം,
സ്വയമറുതിയിലാഴ്ത്തും മേൽവളൎച്ചയ്ക്കുവിത്തായ്-
നിയത; മുടലെടുത്താൽ ചുററിയെന്നല്ലിസാരം? 153

ശ്രവണനയനജിഹ്വാ ഘ്രാണശിശ്നങ്ങളയ്യോ!
നവരവമൊളിയുന്നാ ഗ്രന്ഥസംഘങ്ങൾ ചൊല്ലി,

ദിവസവുമലയന്നൂ; കൎമ്മശക്തിപ്രഭാവം
ശിവശിവ! മതിയായീ, ദുൎഘടം ദേഹബന്ധം! 154

ലത, തരു, പശു, മത്സ്യം, മക്കന്നാ, മൊച്ച, യച്ചാ,-
ച്ചിത,ലിവ പലവേഷം കെട്ടിയാടിക്രമത്തിൽ,
ചിതമൊടു നരവേഷംപൂണ്ടു കൊട്ടിക്കലാശം
ദ്രുതമിനി യവതാളക്കണ്ടിച്ചാക്കാൎക്കു, യല്ലേ? 155

ചലമധികമനിത്യം മാനുഷം ജന്മമേവം
പലപിറവി കഴിച്ചിട്ടാറു പാരം കുഴങ്ങി;
അലമതുപുരുഷാൎത്ഥം നേടുവാൻ തക്കതെന്നാ-
ൎത്താലയണമിനിയെന്നാൽ ഭാഗ്യമെന്നല്ലി സാരം? 156

അരുളിയപുരുഷാൎത്ഥം ധൎമ്മകാമാൎത്ഥമോക്ഷം
കരുതുകവയിൽമൂന്നും ഭാരതാംബക്കുവേണ്ടി,
പരമസുഖമൊടുക്കം മോക്ഷവുംനേടുകെന്നാ-
സ്സ്മരണമൊടുവിലെന്നിൽച്ചെയ്തുസംബോധനാൎത്ഥം. 157

ഒരുപടിവികടത്തിൽ പെട്ടലാക്കാക്കിടാതൻ
കരുതിമനമിരുത്തീട്ടെത്തു വീഴുന്നകാൎയ്യം,
അരുളിയതിനു "ലോകം സ്വൽവിട്ടുകബുദ്ധ്യാ
മരുവുകജയമെന്നാ" ലെന്നുസാരംഗ്രഹിച്ചു. 158

അരുളിയമൊഴിയെല്ലാം കേട്ടുഞാൻചൊന്നവണ്ണം
പുരുസുഖമണുപോലും തെററുപററാതിരിക്കാം,
തിരുവടിയിനിമേൽ മറ്റൊന്നു മോൎക്കാതെ വേദ-
പ്പൊരുളിലൊളിവിലൊക്കും തത്വമോൎക്കാനപേക്ഷ. 159

പെരിയൊരുശമശീലൻ സ്വാമി മാനാപമാനം
ശരിശരിപതിരെള്ളെന്നോൎത്തുപോരും സ്വതന്ത്രൻ,
ഘരിഘരിയവിടെക്കോ ശ്ക്ഷ,ശിക്ഷാൎത്ഥമുള്ളിൽ
തിരിയുമവർചിരിക്കും കേട്ടുനിന്നൊട്ടുനേരം. 160

സുമതികളിവിടത്തെ സൂക്തിയാൽ "സ്സാധുനേട്ടം"
സമമുലകിലശേഷം 'സൃഷ്ട' നാൾ തോറുമിഷ്ടം;
വിമലഹൃദയനങ്ങു ന്നോക്കിൽപ്പൂൎണ്ണ "കുംഭം"
ഭ്രമളിയൊരണുപോലും തട്ടുകില്ലൊന്നുകൊണ്ടും. 161

ഒരുകഥപറയാം ഞാൻ, കേട്ടിരിക്കാംവിഭോ നി-
ന്തിരുവടി; ശരിപോട്ടെ, നാട്ടുകാർകേട്ടിടട്ടെ;
വിരുതുമറിവുമില്ലെന്നാകിലും ചില്ലുഴമ്പാ-
യരുളുമജിതവൃത്തം കേൾക്കുവോൎക്കുൾകുളിക്കും. 162

വിമലഹൃദയരാകും മാമുനീന്ദ്രൎക്കുപുണ്യാ-
ശ്രമഭുവിശുഭസത്രം നിൎവ്വഹിക്കുന്നകാലം,
സുമതിയിലൊരുതൎക്കം വന്നുമൂൎത്തിത്രയത്തിൽ;
ശമഗുണനിധിയാരെ ന്നായിരുന്നു വിവാദം! 163

കുശലമതികളോരോ ന്നോതുമപ്പോളതിങ്കൽ
വിശകുപരതരസ്സും പണ്ഡിതന്മാക്കൊരാൾക്കും,
വിശദനിലകിടച്ചില്ലത്രയല്ലാ, കലാശം
കശപിശഫലമായി, പക്ഷഭേദംനിമിത്തം. 164

ഒടുവിലവർനിനപ്പൂ ബുദ്ധികൊണ്ടീവിവാദം
വിടുവതിനുഞങ്ങളും നമ്മൾതമ്മിൽപിണക്കം,

പെട്ട,മിതുമതിയാക്കാം, ചെന്നനന്നായ്പരീക്ഷി-
ച്ചിടുകവെളിവിലെന്നായോൎത്തുതിച്ചപ്പെട്ടത്തി. 165

അതിനുവിരുതനോൎത്താൽ ബ്രഹ്മപുത്രൻവസിഷ്ഠൻ
കൃതിഭൃഗുമുനിപോരണം സംശയിക്കേണ്ടതില്ല;
മതിമതിമതിയെന്നായേവരുംസമ്മതിച്ചാ-
സ്ഥിതിയിവിടെയറിഞ്ഞും വിപ്രനുംയാത്രയായി. 166

ഹരിഹരവിധിമാരെ ച്ചെന്നുകണ്ടീസ്വഭാവം
ശരിഝടിതിധരിക്കാം നിങ്ങളെബ്ബോദ്ധ്യമാക്കാം
പരിചിനൊടുടനെത്താം യാഗശാലയ്ക്കുഞാൻ
തരികതരികവേഗം സമ്മതംപോയ്വരട്ടെ. 167

അവരൊടുവിടവാങ്ങി സത്യലോകത്തിരിക്കും
ഭുവനകരനെവിപ്രൻ ചെന്നുകാണ്മാനുറച്ചു;
അവനവിടെയണഞ്ഞു മുമ്പുണൎത്താതകംപു-
ക്കവനതി;നുതി,യെന്ന്യേ താതനെക്കണ്ടിരുന്നു. 168

വലിയൊരു പിഴയേവം കണ്ടുകോപിച്ചു ധാതാ-
വലിവൊരു ലവമോൎക്കാതേറ്റു നിന്നേവമോതി,
കലിയുടെ കലിയല്ലേ മക്കളെള്ളൻെറ നേരെ
ചലിതനില കടപ്പും നിന്നെഞാൻ ഭസ്മമാക്കും. 169

ഉടലിനു വിറകേറി ക്കണ്ണുരുട്ടിപ്പുറം വാ-
ക്കിടറിയരുളിവീണ്ടും "ബ്രഹ്മതേജസ്സടക്കാൻ
എടവികൃതി നിനക്കാമെങ്കിൽ നോക്കട്ടെയെന്നോ-
ടിടയുക; ലകിലെത്തുള്ളവൎക്കൊക്കെനാശം." 170

“മനമടിയനിൽവേണം തെററുചൊല്ലാം;പിതാവും
തനയനുമൊരുമട്ടെന്നല്ലീ വേദം കഥിപ്പൂ?
കനലെത്ത കടുകോപം നിന്ദ്യമാം മാപ്പിംക്കാ-
മനവധിയിനിയും ഞാനെന്നിരുന്നോതി വിപ്രൻ. 171

വകതിരിവെഴാടുപുത്രൻ ചൊന്നതോൎത്തുൾകലക്കം
സകലവുമകലെപ്പോയ് ബ്രഹ്മനിഷ്ഠംനടിക്കെ;
മകനുടനെഴുന്നേററു യാത്രചൊല്ലീട്ടു;കുന്നിൻ-
മകളുടെ പതിവാഴും നാട്ടിലേക്കായ്നടന്നു. 172

പനിമലമകളൊത്താ പൂൎണ്ണവേദാന്തതത്വ-
ക്കനിവിജനഗൃഹാന്തേ കേളിയാടാനൊരുങ്ങി
തനിയെയരുളുമപ്പോ ളാദരിക്കാതകത്താ-
മുനികയറിമുതിൎന്നാ നൊന്നുകെട്ടിപ്പിടിക്കാൻ. 173

ഝടിതിമുനിയെനോക്കി ക്കണ്ടുകോപാന്ധനായ്ധൂ-
ൎജ്ജടി കടുകനലാളും ദൃഷ്ടിയിട്ടൊന്നുരുട്ടി;
തടിയിടിപൊടിയാക്കാൻ ശൂലമേന്തുമ്പൊഴാക്കാ-
ലടിയിലഗജ വീണിട്ടിപ്രകാരം പറഞ്ഞു. 173

“മറയവനിവനയ്യോ! സാഹസം വേദമൂലം
മറവിയിലുടനാക്കും വിസ്മൃതിപ്പിച്ചവാക്കും”
കറകളക ജഗത്തിൽ ബ്രഹ്മവിത്തുക്കളല്ലേ?
നിറകുടമതുനമ്മൾ ക്കോൎമ്മവെക്കേണ്ടതല്ലേ? 175

ശരിശരി വഷളായി ശ്ശുണ്ഠിവന്നാലവൻപോ-
ക്കിരിക്കയൊരു കഥയില്ലാതെത്രയോ ഗോഷ്ഠികാട്ടും;

പരിഭവമരുതെന്നാ വിപ്രനോടോതി ദേവൻ
പരിചിതനിലകാണിച്ചൊട്ടു സന്തൃപ്തനാക്കി. 176

ഭവഭഗവതിമാരെത്താണു വന്ദിച്ചണർത്തി-
ച്ച് ഭവഭയമറിയാത്തോൻ ഭക്തനത്യന്തശാന്തൻ,
ഭുവനപതിമുകുന്ദൻ താരിൽമാതൊത്തിരിക്കും
ഭവന മണയുവാനോർത്തെത്തി വൈകുണ്ഠലോകം. 177

യതികൾ തിരയുവോനെക്കാണുവാൻവേണ്ടി വിപ്രൻ
ധൃതിയിലടികൾവെച്ചും കാഴ്ചയോരോന്നു കണ്ടും,
അതിരസ മകതാരിൽച്ചേർത്തു ചേർത്താശു സൃഷ്ടി
സ്ഥിതിലയ പതിവാഴും പട്ടണത്തിൽ കടന്നു. 178

അടിമരതകരത്നം, ഭിത്തി മാണിക്യ മച്ഛ-
സ്ഫടികരചിത ദിവ്യസ്തംഭമൊട്ടല്ലനേകം,
പടിമുതലടിവെക്കാൻ ശങ്കയാം ഹന്ത! വൈര-
പ്പൊടി ചിതറിനമുററം ചുററുമാനന്ദരംഗം. 179

പല പല മണിഗേഹം നോക്കിയാലെത്ര പൊന്മാ-
മലകളെതിർ മനോജ്ഞം സൂക്ഷ്മ ശില്പപ്രശോഭം,
നിലകളൊരു പെരുത്തുണ്ടേതു മാപ്പുണ്യവാന്മർ
നിലയ; മിവർമഹാന്മാർ വിഷ്ണു സാരൂപ്യമാർന്നോർ 180

പരമസുഖികളമ്പോ! നാലു തൃക്കൈകൾപീതാം-
ബരമുടവുട,കണ്ഠം കൌസ്തുഭാകല്പകമ്രം;
പരവുരുഷസമന്മാർ നാമപാരായണം ചെ
ത്തുരമനകളിലിഷ്ടം പാർത്തുലാത്തുന്നു നിത്യം. 181

തരുണികളണിമേടത്തട്ടിലും ലക്ഷ്മിയേപ്പോ-
ലൊരുപടി വിലസുന്നു സൎവ്വസൌഭാഗ്യമോടും,
പുരുസുഖമിവരോരോ കീൎത്തനം കീൎത്തനം ചെ-
യ്തൊരുഭയ ലവമെന്ന്യേ സഞ്ചരിക്കുന്നു മന്ദം. 182

മറകളുപനിഷത്തിൻ കൂട്ടമൊന്നിച്ചു മെയ്യാ-
ന്നാകളിലമരുന്നു കൂത്തടിച്ചാത്തമോദം;
മുറകളിൽ മതിവെച്ചാശ്ശംഖ ചക്രാദി ദിവ്യ-
ത്തറകളിലുടലാൎന്നുംകൊണ്ടു നിന്നാൎത്തിടുന്നു. 183

ഒരു പടി പടി കേറിക്കാത്തു വാതില്ക്കലായി-
ട്ടുരുഷഭിരുവർനില്പ്പൂ പാൎഷദന്മാർ മഹാന്മാർ;
വിരുതരിവർ തടുക്കാ മാമുനീന്ദ്രൎക്കു ചെല്ലാം-
നൊരു തടവൊരുനാളും കാണുകില്ലിതിടത്തും 184

അവരുടെനതിവാങ്ങിക്കേറി മേല്പ്പോട്ടു ചെന്നാ-
ശ്ശിവമതിശുഭമാദ്യം സച്ചിദാനന്ദ പൂൎണ്ണം;
നവനവ മതിരമ്യം ലക്ഷ്മിയോടൊത്തു സാക്ഷാൽ
ഭുവനപതി വിളങ്ങും ഹൎമ്മ്യപൃഷ്ഠത്തിലെത്തി. 185

ഗുണി വലിയൊരു വെള്ളപ്പൎവ്വതം വിഷ്ണുതല്പം
ഫണിഫണമണിചിന്നുംകാന്തികൺകൊണ്ടുനോക്കാൻ
പണിപണിയിടിമിന്നും പോലെ യിസ്വാമി വാഴും
മണിയറ യൊരു തേജഃ പുഞ്ജമയ്യോ! വിചിത്രം. 186

ഗുണനിധി ഗുരുഭക്തൻ നിത്യനാം മാദി നാരാ-
യണനുടെ തിരുമുമ്പിൽ ചെന്നു നിന്നാൻ മുനീന്ദ്രൻ;

പ്രണയനിലയമാകും ലക്ഷ്മി തൃക്കാൽ തലോടും
പ്രണവനിഗമവേദ്യൻ മിണ്ടിയില്ലൊന്നുമപ്പോൾ. 187

ഉടനടി മുനി കോപിച്ചിന്ദിരാനന്ദ വക്ഷ-
സ്ഥടഭുവി ചരണത്താലൊന്നു കേറിച്ചവിട്ടി;
"ചടപിടനെ"യിറങ്ങും വിപ്രനെ ദ്ദേവനെത്തി-
ത്തടവിയരമെട്ടത്താമെത്തയിൽ കൊണ്ടിരുത്തി. 188

തിരുവടിയുടെ തൃക്കാലെൻെറ മാറത്തു കൊണ്ടി-
ട്ടരുളുക,തൊലിപോയോ,വേദനിച്ചോ,ത്തുടുത്തോ?
കരുണയൊടിദമോതി ക്കാലുടൻ ഞെട്ടപ്പൊട്ടി-
ച്ചുരുഭയമൊടു ഞെക്കി നാലു തൃക്കൈകൾ കൊണ്ടും.189

കളിപറയുകയല്ലാ പാറപോലുള്ള മാറിൽ
'തളിരൊളി മൃദുപാദം വച്ചു ശേഷം കഥിപ്പാൻ'
അളിനിറനുടെ വാക്കും ഭാവവും പാർത്തു വല്ലാ-
"തിളിവ"തിനിടയായീ വിഡ്ഢിയായീമുനീന്ദ്രൻ.190

'പടുമുനി ഗണമുത്തേ! ശിക്ഷയാം കാൽച്ചവിട്ടിൻ
വടുവിലസണ മീ 'ശ്രീവത്സ' നാമത്തിലെന്നിൽ,
കടുകരയഭിമാനം ഏത്തിനെന്നുള്ളതോർമ്മി-
ച്ചിടുമലമിനിയെന്നെക്കാണുവോരൊക്കെ നിത്യം.' 191

ഭയജനകമനേകാത്ഥാനവദ്യം പ്രശാന്തം
മയമൊരു ലവലേശം വിട്ടിടാതിപ്രകാരം,
നയനിലയിലുരയ്ക്കും വാക്കു കേട്ടിട്ടുമായാ-
മയനുടെ തിരുമുമ്പിൽക്കേണുവീണാൻ മുനീന്ദ്രൻ. 192

“അടിയനൊരഭിമാനം മായയാലുത്ഭവിച്ചി-
ട്ടടി ചില കഠിനക്കൎമ്മാചരിച്ചു പിഴ.
അടിമലരവലംബം തമ്പുരാനേ! പ്രസാദം
ഝടിതി തരിക ഞാനോ ഹാസ്യനായി ജഗത്തിൽ. 193

ഒരുനില സുഖദുഃഖം ഹന്ത മാനാപമാനം
തിരുവടിയിവതുല്യം കണ്ടുനില്ക്കുന്ന ശാന്തൻ,
ഒരുലവമറിയാതീപ്പോക്കിരക്കുള്ള മാനം
കരുതിയുതകിയല്ലോ ശിക്ഷ ഞാൻതന്നെ ദുഷ്ടൻ. 194

അരുളിയജിതനപ്പോൾ “ഞങ്ങളെത്തൂക്കിനോക്കാൻ
കരുതിയ കടുഗൎവ്വം മായ പററിച്ചു ഢാളം;
പെരുകിയതുകളഞ്ഞു; സങ്കടംവേണ്ട നന്നാ-
സ്സ്വരുമിനി; യെഴുന്നേല്ക്കാം നാട്ടിലേക്കായ്ത്തിരിക്കാം.” 195

മുനിയുടനെഴുന്നേററാദ്ദേവനെ കൈവണങ്ങി
ക്കനിവൊടുവിടവാങ്ങിപ്പുക്കു പുണ്യാശ്രമത്തിൽ,
വനിതകളണിമുത്താം ലക്ഷ്മിയോടൊത്തു ദേവ-
ക്കനികലിതരസത്തിൽ പള്ളിമാടത്തിൽവാണു. 196

മൃതി ജനി സുഖ ദുഃഖം ഹന്ത മാനാപമാനം
മതിയിലിതുകളററാദ്ദേവനെ ശ്ശിക്ഷചെയ്തോൻ,
യതിയിഹ വഷളായി; ദേവനാശ്ശിക്ഷ സൂക്ഷ്മ-
സ്ഥിതിയിലറികയെന്നും ഭ്രഷ്ടയായിച്ചമഞ്ഞു. 197

അരുവയർമണിയിത്രത്തോളമോതുമ്പൊഴസ്സ-
ന്നൊരുപുരുഷനണഞ്ഞാശ്ശാന്ധിയെ കയ്യണങ്ങി.

'തിരുവടിയെഴുന്നെള്ളും ജേലിലെക്കത്ര പാപ്പാ-
നൊരു മുറി ശരിയാക്കിപ്പോന്നു ഞാ'നെന്നുണർത്തി. 198

ഭവഭയമറിയാത്താഗ്ഗാന്ധി ദൂതനെൻറ ചൊൽകി-
ഴവനതിയൊടുക്കൂടിപ്പൂകി ജേലാശ്രമത്തിൽ,
ധ്രുവപദമതിശാന്തം വിഷ്ണുദൂതനെൻറ ചൊല്ലാൽ
ധ്രുവനതി രസമാണ്ടുംകൊണ്ടു പണ്ടെന്നപോലെ. 199

അരമന കുടി മാടം പാർക്കുവാൻ തുല്യമാണെ-
നരതിലകനു പിന്നെ ജ്ജേലിലുണ്ടോ കുഴക്കം?
കരളിലൊരഴലില്ലും സൌഖ്യമാണെപ്പൊഴും നാം
തിരയുകി ലഴ ലാത്മാരാമനില്ലെന്നു കാണാം. 200

അതിരസമെഴുന്നേററാ ദൂതനൊന്നിച്ചു പോകും
പതിയിലഴൽ പെടായ്‌വാൻ പത്മനാഭനെൻറ പാദം,
സതിയകമലരിങ്കൽ ചേർത്തു കൈക്കൂപ്പി 'ദൈവം
ഗതിയിനിയവിടെക്കെ'ന്നോർത്തു നിന്നേവമോതി. 201

ഭുവനപതി മുകുന്ദൻ ഭോഗിഭോഗാധിവാസൻ
ഭവഭയവിനിഹന്താ വച്യുതാനന്ത നാഥൻ,
ഭവവിധിനുതനച്ഛസ്വാന്തനത്യന്ത ശാന്തൻ
ഭവദഭിമതമേകി ക്കാത്തു രക്ഷിച്ചിടട്ടെ. 202

നാമെല്ലാവരുമൊന്നുപോലെ മരുവു-
ന്നിക്ഷോണി വെള്ളത്തിലാ-
യ്വോമെന്നന്നൊരു മത്സ്യരൂപവടിവാ-
യ്ത്തോണിക്കകത്തീശ്വരൻ;

ഈ മെച്ചത്തിലിരുത്തിലോകരെ വല-
പ്പിക്കാതെ രക്ഷിപ്പവൻ
ശ്രീമെല്ലെത്തഴകുന്നവൻ കരുണയാ
പാലിക്കണം കാന്തനെ. 203

ക്ഷീരാംഭോധിയെ മന്ദരാദ്രി കടകോ-
ലാക്കിക്കടഞ്ഞന്നുതാഴ്-
ന്നാരാപ്പൃത മാമയായ്ക്ഷണമയ-
ത്തികൊണ്ടു നിന്നങ്ങിനെ,
ചേരാതുള്ളസുരാസുര പ്പരിഷയിൽ
പ്പാരിച്ചയോജിപ്പിലുൾ-
ത്താരാടിക്കളിയാടിയോരു ഭഗവാൻ
പാലിക്കണം കാന്തനെ. 204

ഇക്കാണുന്ന ചരാചരങ്ങൾ കളിയാ-
ടീടുന്നൊരിബ്ഭൂമിയെ
ധിക്കാരത്തൊടെടുത്തു കൊണ്ടു കടലിൽ
പായും ഹിരണ്യാക്ഷനെ,
അക്കാലത്തൊരു പന്നിയാപ്പുറപറ-
ന്നക്ഷോണി തട്ടിപ്പറി-
ച്ചുൾക്കൊമ്പിൽ കൃപവിട്ടു കൊന്ന ഭഗവാൻ
പാലിക്കണം കാന്തനെ. 205

സ്വന്തം പുത്രനു തോന്നിവാസമുപദേ-
ശിച്ചിട്ടു കേൾക്കാഞ്ഞയാ-
ലന്തസ്സിന്നു കുറച്ചിലെന്നവനെ വെ-
ട്ടിക്കൊല്ലുവാൻ ചെല്ലവെ,

അന്തംവിട്ടു കിടാവിലുൾക്കരുണയാ
താതന്റെ കോലംപിള-
"ന്നോന്തതുപ്പൊരു"ളൂാസ്സ്യകഴ്ന്ന നരസിം-
ഹം കാക്കണം കാന്തനെ. 206

ചൊല്ലാളും ബലി ചക്രവത്തി നിലയെ-
ക്കാളും കവിഞ്ഞിന്ദ്രനും
പുല്ലാണെന്നൊരു ഭാവമാൻ ഭഗവ
ദ്ധ്യാനേന വാണീടവെ,
വല്ലായ്മപ്പെട്ടു മിന്ദ്രനിന്ദ്രത കൊടു
ത്തബ് ഭക്ത സാമ്രാജ്യമ-
ത്യുല്ലാസേന ബലിക്കു നൽകിയ പരൻ
പാലിക്കണം കാന്തനെ. 207

ധമ്മാ ധമ്മ വിഹീനരായ് പ്രജകളിൽ
സ്വാതന്ത്ര്യവും മാനവും
നിമ്മായം കഴകിക്കളഞ്ഞവനിയെ
ക്കീഴ് വെച്ച രാജാക്കളെ,
മാമ്മാഘാതവിധിജ്ഞ തേച്ചമഴകൊ-
ണ്ടുന്മൂലനം ചെയ്തുടൻ
ശമ്മാനന്ദ മണച്ച സംയമിവരൻ
പാലിക്കണം കാന്തനെ. 208

കയ്യേറി ബ് ഭുവനത്രയം ഭുജബലം
കൈക്കൊണ്ട സാധുക്കളിൽ
ചെയ്യേണ്ടും നില വിട്ടു മദ്ദനനയം
പാരിൽപ്പരത്തീടവെ,

വയ്യേവം നിലയെന്നു പങ്ക്തിമുഖനെ
കൂട്ടത്തോടും കൊന്നു തൃ-
കയ്യേന്തീടിന രാമചന്ദ്രനമലൻ
രക്ഷിക്കണം കാന്തനെ. 209

ധൎമ്മത്തിന്നൊരിടച്ചിൽ കാണ്കിലവിടെ
സൎവ്വസ്വവും ജീവനും
ശൎമ്മത്തിന്നുതകുന്നതല്ല കളയും
പുല്ലെന്നു കില്ലററവൻ,
ദുൎമ്മന്ത്രത്തിലകപ്പെടാത്ത ബലഭ-
ദ്രസ്വാമി സൎവ്വാത്മനാ
ധൎമ്മസ്ഥാപകനായൊരെന്നുടെ ഗുരു-
ശ്രീ കാന്തനെ കാക്കണം. 210

എല്ലാവൎക്കുമൊരേനിലയ്ക്കു കഴൽ കൂ-
പ്പേണ്ടുന്നവൻ കൃഷ്ണനെ-
ന്നെല്ലാം തീൎച്ചയറച്ചതിൽ പ്പെരുതസൂ-
യാഗ്രസ്തനാം ചേദിപൻ,
വല്ലാതൊന്നിളകിച്ചമഞ്ഞ സമയം
തൃച്ചക്രമേന്തി സ്വയം
നില്ലാതായവനെ ത്തുലച്ച ഭഗവാൻ
പാലിക്കണം കാന്തനെ 211

നില്ക്കാതാം കലികാലസന്ധിയിലിളാ-
ചക്രം മഹാസങ്കടം
തിക്കാം ഹൂണ, കിരാതഘാതക കുലോ-
ത്ഭൂതം മഹാവിപ്ലവം;

അക്കാലത്തധികം കുഴങ്ങുമവരെ
പ്പാലിക്കുവാൻ കല്പിയം-
യിക്കാണും ക്ഷിതിയിൽ പ്പിറക്കുമജിതൻ
പാലിക്കണം കാന്തനെ. 212

ക്ലേശിച്ചുഴിയു മിജ്ജനങ്ങളുമുഴ-
ന്നീടാതിരിക്കേണമെ-
ന്നാശിച്ചായതിനായ്ത്തുനിഞ്ഞു വളരെ-
ക്കാലം പ്രയത്നിച്ചവൻ,
വാശിക്കുള്ളിളകാതെ ചെന്നു കുരിശിൽ
ത്തൂങ്ങിക്കിടന്നീടിനോ-
രേശിക്രൈസ്തടിയന്റെ സൽഗ്ഗുരുവിനെ
പാലിക്കണം കാന്തനെ. 213

കാരാഗാരത്തിലാപ്പെട്ടരുള്ള മജിതനാം
കാന്തനെക്കുത്തടിക്കും
ന്നോരാപ്പേരാണ്ട സാക്ഷാൽ പ്രകൃതിയുടെ കളി-
ച്ചെപ്പടിച്ചെപ്പിലാക്കാൻ,
പോരാടിക്കൊണ്ടുനില്ക്കും വലിയൊരു ശനിയാം
വാസനാ ശക്തി നീങ്ങാൻ
മാരാരേ! ലോകസൃഷ്ടിസ്ഥിതിലയമുളവാ-
ക്കുന്നതുക്കണ്ണിമക്കുള. 214

ഇവ പലപലവാക്യം ഭക്തിയുൾക്കൊണ്ടു ചൊല്ലി-
ബ് ഭവനിലയൊരു തുമ്പും വാലുമില്ലെന്നറിഞ്ഞു;
അവളജിതനെയോർത്തും കൊണ്ടു "സത്യഗ്രഹം" ഖ്യം
ിവപദമതിശാന്തം പൂകിനാളാശ്രമാന്തം.

സമാപ്തം.

—०:०:०—

17 NOV 194

MUL
050814